

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 93 ● ലക്കം 02 ● ആഗസ്റ്റ് 2020

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ (KCBC) .......... 05
സർക്കുലർ (കോവിഡ് - 19 അതിജീവനമാർഗ്ഗരേഖ) .......... 07
സർക്കുലർ (കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ....) .......... 13
സർക്കുലർ (തടവറ പ്രേഷിതദിനം) .......... 17
സർക്കുലർ (ജസ്റ്റീസ് സൺഡേ 2020) .......... 22
ഇടയലേഖനം : ദൈത്താക്കാലം: സഭയെന്ന മഹാരഹസ്യം .......... 25
സർക്കുലർ (20 Ch. 247-324) .......... 30
അഞ്ചാമത് അതിരൂപതാ മഹായോഗം .......... 35
കച്ചേരിക്കാര്യം .......... 36
സന്ദേശനിലയം .......... 40
ചെറുപുഷ്പ മിഷൻലീഗ് .......... 43
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......... 45
ഫാമിലി അപ്പോസ്റ്റലേറ്റ് .......... 48
യുവദീപ്തി .......... 50
എ.കെ.സി.സി. .......... 52
ചാസ് .......... 53
പ്രവാസി അപ്പോസ്റ്റലേറ്റ് .......... 58
ഫ്രാൻസിസ്കൻ അല്മായസഭ .......... 61
പൗരോഹിത്യ ആദ്ധ്യാത്മികത .......... 63
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .......... 69

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

# പരിശുദ്ധ കന്യകമറിയത്തിന്റെ മൂന്നു അപദാനങ്ങൾ കൂട്ടിച്ചേർത്ത് മാധ്യസ്ഥ്യം തേടുന്ന സഭ

പരിശുദ്ധ കന്യകമറിയം വിശ്വാസികളുടെ പ്രത്യേക മധ്യസ്ഥയാണ്. ജപമാല പ്രാർത്ഥനയുടെ അവസാനത്തിൽ പരിശുദ്ധ കന്യകമറിയത്തിന്റെ അപദാനങ്ങൾ വാഴ്ത്തിപ്പാടി അവളുടെ മാധ്യസ്ഥ്യത്തിനായി അപേക്ഷിക്കുന്ന ലൂത്തനിയ ഇറ്റലിയിലെ ലൊറേറ്റോ എന്ന മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ 1541-ൽ ആരംഭിച്ചതാണ്. 1587-ൽ സിക്സ്റ്റസ് 5-ാമൻ പാപ്പാ അതിനു അംഗീകാരം നല്കുകയും മറ്റ് പല ലുത്തനീയകൾ അനൗദ്യാഗികമാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. പിൽക്കാലത്ത് പല സമയങ്ങളിലായി 7 പുതിയ അർഥനകൾ പ്രസ്തുത ലൊറേറ്റോ ലുത്തനീയയുടെ കൂടെ ചേർക്കുകയുണ്ടായി. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 1988-ൽ ''സഭയുടെ മാതാവേ'' എന്നതും 1995-ൽ ''കുടുംബങ്ങളുടെ രാജ്ഞി'' എന്നതും ചേർക്കുകയുണ്ടായി.

ഇപ്പോൾ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ വിപത്തായ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ജൂൺ 20-ാം തീയതി പരിശുദ്ധ കന്യകമറിയത്തിന്റെ വിമലഹൃദയത്തിരുനാളിൽ മൂന്ന് സംബോധനകൾ കൂടെ ചേർത്ത് അവളുടെ മധ്യസ്ഥത്തിനായി യാചിക്കാനായി വിശ്വാസികളെ ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി.

**''കരുണയുടെ മാതാവേ''** എന്ന യാചന ''സഭയുടെ മാതാവേ'' എന്നതിനുശേഷവും, **''പ്രത്യാശയുടെ മാതാവേ''** എന്നത് ''ദൈവവരപ്രസാദത്തിന്റെ മാതാവേ'' എന്നതിനുശേഷവും **''കുടിയേറ്റക്കാരുടെ ആശ്വാസമേ''** എന്നത് ''പാപികളുടെ സങ്കേതമേ'' എന്നതിനുശേഷവും ചേർക്കാനാണ് പരിശുദ്ധ പിതാവ് നിർദേശിച്ചിരിക്കുന്നത്.

ഈ യാചനകളിലുള്ള മറിയത്തിന്റെ നാമങ്ങളിൽ ആദ്യത്തെ രണ്ടെണ്ണം സഭയുടെ പരമ്പരാഗത പ്രാർത്ഥനകളിൽ ഉള്ളതാണ്. അതായത് ''പരിശുദ്ധ രാജ്ഞി, കരുണയുടെ മാതാവേ സ്വസ്തി, ഞങ്ങളുടെ ജീവനും ശരണവുമേ സ്വസ്തി'' (Salve, Regina, mater misericordiae; vita, dulcedo et spes nostra, salve = Hail, holy Queen, mother of mercy; hail our life, our sweetness, and our hope) എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ മറിയത്തെ സഭ ''കരുണയുടെ മാതാവായും,'' ''പ്രത്യാശയുടെ മാതാ

വായും'' അഭിസംബോധന ചെയ്തുവരുന്നുണ്ട്. ഈ സംബോധനകൾ ലുത്തനീയയിലേക്കു ചേർക്കുകയാണ് മാർപാപ്പാ ചെയ്തത്.

''കുടിയേറ്റക്കാരുടെ ആശ്വാസമേ'' (Solacium migrantium = Solace of migrants) എന്നത് ഈ കാലഘട്ടത്തിന്റെ വലിയ പ്രതിഭാസത്തിനു ചേർന്നതാണല്ലോ. മനുഷ്യർ തങ്ങളുടെ ദേശങ്ങളിൽ നിന്നും പുതിയ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചു പോകുന്നു. സംസ്ഥാനങ്ങളുടെയും രാഷ്ട്രങ്ങളുടെയും അതിർത്തികൾ ഭേദിച്ച് മനുഷ്യർ നീങ്ങികൊണ്ടിരിക്കുന്നു. അതിർത്തിവരമ്പുകളില്ലാതെ ലോകം ഒന്നായി മാറുന്ന പ്രക്രിയയുടെ ഭാഗമാണത്. ബൈബിളിൽ തന്നെയും കുടിയേറ്റത്തിന്റെതായ ചിത്രങ്ങൾ കാണാനാകും. വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ ദേശത്തുനിന്ന് മറ്റൊരു ദേശത്തേയ്ക്ക് - ദൈവം കാണിച്ചുകൊടുത്ത ഇടത്തേയ്ക്ക്- കുടിയേറുന്നു. പിൽക്കാലത്ത് ഇസ്രായേൽക്കാർ ഈജിപ്തിൽ അഭയാർത്ഥികളായി മാറുന്നു. എന്നാൽ ദൈവം അവരെ സ്വാതന്ത്ര്യത്തിന്റെ നാടായ, വാഗ്ദത്തഭൂമിയായ, കാനാൻ ദേശത്തേയ്ക്ക് തിരികെ കൊണ്ടുവരുന്നു. അസ്സീറിയായിലെയും ബാബിലോണിലെയും വിപ്രവാസം ദൈവജനത്തിന്റെ തുടർന്നുള്ള അനുഭവമായിരുന്നു. അങ്ങനെ വരുമ്പോൾ അഭയാർത്ഥികളാകുന്നതും, വിപ്രവാസത്തിലാകുന്നതും ഒക്കെ കുടിയേറ്റത്തിന്റെ ഭാഗങ്ങളാണ്. അതിനാൽ കുടിയേറ്റക്കാർക്കുവേണ്ടി ദൈവമാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്നത് നമ്മുടെ ഈ കാലഘട്ടത്തിൽ പ്രസക്തിയുള്ള കാര്യമാണ്.

പരിശുദ്ധപിതാവിന്റെ ആഹ്വാനത്തെ നമുക്ക് സർവാത്മനാ സ്വീകരിക്കാം. കന്യകമറിയം കരുണയുടെയും പ്രത്യാശയുടെയും അമ്മയാണ്. കാനായിലെ കല്യാണവിരുന്നിൽ അവൾ കരുണാപൂർവം തന്റെ പുത്രനോട് യാചിച്ചുകൊണ്ട് ആ ഭവനത്തിന് പ്രത്യാശ പകർന്നു. അവിടെ ആഘോഷവും ആനന്ദവും തിരികെ വന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ ലോകത്തെ മുഴുവൻ രക്ഷയുടെ സമ്പൂർണമായ അനുഭവത്തിലേയ്ക്കു നയിക്കാൻ നമുക്ക് കന്യകമറിയത്തിന്റെ മാധ്യസ്ഥ്യം തേടാം. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3321/K-5/KCBC/OL/DS 9.7.2020

**കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡവലെപ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

# കോവിഡ് -19 അതിജീവനമാർഗ്ഗരേഖ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ,
പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭയുടെ സാമൂഹിക നീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷനിൽ നിന്നും സ്നേഹാശംസകൾ!

ഇന്നുവരെ നാം അഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു മഹാവിപത്തിനെ ലോകം മുഴുവൻ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമാണല്ലോ ഇപ്പോഴുള്ളത്. കോവിഡ് 19-ന്റെ വ്യാപനം എവിടെയും വലിയ ദുരിതങ്ങളും ആശങ്കകളുമാണ് ഉളവാക്കിയിരിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിൽ മനസ്സിടിയാതെ ദൈവം നല്കുന്ന കാലത്തിന്റെ അടയാളങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിയാൻ നമുക്കു കഴിയണം. സ്വാർത്ഥം ഉപേക്ഷിച്ച്, മനുഷ്യൻ ആത്യന്തിക ലക്ഷ്യമായ ദൈവത്തിലേക്കും ഒപ്പം സഹോദരങ്ങളിലേക്കും പ്രകൃതിയിലേക്കും മടങ്ങണമെന്ന ആഹ്വാനമിവിടെ മുഴങ്ങുന്നുണ്ട്. അത് നാം ശ്രവിച്ചുകൊണ്ട് പുതിയ ജീവിതശൈലികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഇന്നത്തെ പ്രത്യേക പരിതോവസ്ഥയിൽ ശരിയായി ഇടപെടുകയും പഠനം നടത്തുകയും ചെയ്തുകൊണ്ടാണ് അതിജീവനത്തിനു സഹായിക്കുന്ന കർമ്മപദ്ധതികൾ കമ്മീഷൻ ആവിഷ്കരിക്കുന്നത്. നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് നാം ഉണ്ടാക്കുന്ന ആഘാതങ്ങളാണ് പലപ്പോഴും വൈറസുകളുടെ രൂപമാറ്റത്തിന് (mutation) കാരണമാകുന്നത്. ഈ ഗണത്തിൽ ഏറ്റവും പുതിയതാണല്ലോ കോവിഡ് -19 ന് കാരണമാകുന്ന കൊറോണ വൈറസ്. ഈ വൈറസ് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആരോഗ്യമേഖല

യിലും സാമ്പത്തിക മേഖലകളിലും കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും ഏൽപ്പിക്കുന്ന ആഘാതം നാമിന്ന് നേരിട്ടനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദൂഷ്യഫലങ്ങൾ എന്നവസാനിക്കുമെന്ന് നിശ്ചയിക്കപ്പെട്ടിട്ടുമില്ല. നാളിതുവരെ ഇതിനെ പ്രതിരോധിക്കുന്നതിനും വ്യാപനം തടയുന്നതിനും സഭയെന്ന നിലയിൽ നമ്മൾ ഉണർന്നു പ്രവർത്തിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിൽ കോവിഡ് അതിജീവനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നത് തികച്ചും അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ നമ്മുടെ രൂപതകളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകവുമാണ്. ഈ സന്ദർഭത്തിൽ കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. ഈ നാളുകളിൽ ത്യാഗപൂർവ്വം സേവനനിരതരായിരിക്കുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർ, ഭരണാധികാരികൾ, നിയമപാലകർ, വൈദികർ, സന്ന്യസ്തർ തുടങ്ങിയവരെ ജസ്റ്റീസ് പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷൻ നന്ദിപൂർവ്വം ഓർക്കുന്നു.

ഏതൊരു ദുരന്തവും നമുക്കു മുന്നിൽ ചില വെല്ലുവിളികൾ അവശേഷിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനങ്ങളും കർമ്മപദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കുവാനുള്ള അവസരമാണിത്. ദുരന്തമുഖത്തുള്ളവരെ അടിയന്തരമായി രക്ഷപ്പെടുത്തുക, അവർക്കാവശ്യമായ സഹായങ്ങൾ നൽകുക, പുനരധിവസിപ്പിക്കുക തുടങ്ങിയവ നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ് (Rescue, Relief and Rehabilitation).

ആവശ്യക്കാരന്റെ മുൻപിൽ മിശിഹായുടെ കണ്ണും കാതും കരങ്ങളും കാലുകളും ഹൃദയവുമായി കടന്നുചെന്ന്, അവരെ മനുഷ്യത്വപരമായി സഹായിച്ച് നമ്മുടെ ദൈവം ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് അനുഭവവേദ്യമാക്കിക്കൊടുക്കുക വിശ്വാസികളുടെ കടമയാണ്. കർത്താവ് ഇന്നു നമ്മോട് ആവശ്യപ്പെടുന്ന സുവിശേഷപ്രഘോഷണം തന്നെയാണിത് എന്നതിൽ സംശയമില്ല.

കേരള കത്തോലിക്കാസഭ, പങ്കുവയ്ക്കുന്ന ഒരു സമൂഹമെന്ന നിലയിൽ എന്നും എവിടെയും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് പൂർവ്വാധികം തീക്ഷ്ണതയോടെ തുടരേണ്ടത് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയാണ്. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും തിരികെയെത്തുന്ന നമ്മുടെ സഹോദരങ്ങളെ അനുഭാവപൂർവ്വം സ്വീകരിച്ചുകൊണ്ട് അവർക്ക് അനുകൂലമായ ജീവിതസാഹചര്യങ്ങൾ ഒരുക്കി ക്കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദുരന്തങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന വർത്തമാനകാലസാഹചര്യത്തിൽ ഇവയെ ധൈര്യപൂർവ്വം

അതിജീവിക്കാൻ നമ്മുടെ ജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. ഈ മേഖലകളിലെല്ലാം ഉണർന്നു പ്രവർത്തിക്കുവാൻ സഭ മുഴുവനെയും ആഹ്വാനം ചെയ്യുന്നു.

പരിസ്ഥിതി, കൃഷി, സമ്പത്ത്, വ്യക്തി-കുടുംബ -സാമൂഹികബന്ധങ്ങൾ എന്നിവയോടുള്ള സമീപനങ്ങളിൽ ഒരു ആന്തരികപരിവർത്തനത്തിന് നാം വിധേയരാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു. ആഡംബരങ്ങളെക്കാൾ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകി വേണം നാം മുമ്പോട്ടു ചരിക്കുവാൻ. മിതത്വവും ലളിതജീവിതശൈലിയും ആഘോഷവേളകളിലും മറ്റു ജീവിതസാഹചര്യങ്ങളിലും നമ്മുടെ മുഖമുദ്രയായി മാറേണ്ടതുണ്ട്. സ്വയംപര്യാപ്തമായ കുടുംബജീവിതം, സമൂഹജീവിതം എന്നിവയായിരിക്കണം നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിൽ പ്രഥമ പരിഗണനകൾ.

കോവിഡ്-19 ഏൽപ്പിക്കുന്ന ആഘാതങ്ങളെ അതിജീവിക്കുന്നതിനായി വരുന്ന മൂന്നു വർഷത്തേക്ക് നമ്മുടെ കമ്മീഷന്റെ കീഴിലുള്ള കേരളാ സോഷ്യൽ സർവ്വീസ് ഫോറവും, 32 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികളും സംയുക്തമായി 'കോവിഡ് അതിജീവനം' (Surviving Covid) എന്ന ശീർഷകത്തിൽ തയ്യാറാക്കിയിരിക്കുന്ന കർമ്മപദ്ധതികൾ കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുകയാണ്. സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന കേരളസമൂഹത്തിന് ഒരു നവദർശനവും പരിരക്ഷയും പ്രദാനംചെയ്യുന്ന കർമ്മപരിപാടികളാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നത്.

**1. ആരോഗ്യപരിരക്ഷ:** അനുദിനം രോഗഗ്രസ്തമായിക്കൊണ്ടിരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. വരുമാനത്തിന്റെ മുഖ്യപങ്കും മരുന്നിനും ചികിത്സയ്ക്കുമായിട്ടാണല്ലോ നാം ചെലവിടുന്നത്. ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് നമ്മുടെ ഇടയിലാണ്. ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ദിനംതോറും കൂടിവരുന്നു. ഈ മേഖലയിൽ പ്രധാനമായും നാലു രീതിയിലുള്ള ഇടപെടലുകൾ പ്രയോജനപ്രദമാകുമെന്ന് സഭ ചിന്തിക്കുന്നു.

(എ) ആരോഗ്യ പരിപോഷണ പ്രവർത്തനങ്ങൾ

(ബി) രോഗപ്രതിരോധപ്രവർത്തനങ്ങൾ

(സി) സൗഖ്യദായകമായ ചികിത്സാസൗകര്യങ്ങൾ

(ഡി) ആരോഗ്യ പുനരധിവാസ പ്രവർത്തനങ്ങൾ

ഇവയുടെ ഭാഗമായി നമ്മുടെ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങളെ അതേപടി പാലിക്കുന്നതിന് ഏവരും ശ്രദ്ധിക്കുന്നതോടൊപ്പം ഓരോരുത്തരും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കേണ്ടതുമാണ്.

സാമൂഹ്യസുരക്ഷാപദ്ധതികളിൽ എല്ലാ കുടുംബാംഗങ്ങളും പങ്കുകാരാകേണ്ടതുമാണ്.

**2. ഭക്ഷ്യസുരക്ഷ:** ഭക്ഷണമായിരിക്കണം നമ്മുടെ മരുന്ന്. നമുക്കനുയോജ്യമല്ലാത്ത ഭക്ഷണക്രമമാണല്ലോ പല രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നത്. ഭക്ഷ്യോൽപാദനത്തിൽ ഇനിയും നാം സ്വയംപര്യാപ്തത നേടിയിട്ടില്ല. ഇനിയെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ. വിഷവിമുക്ത ഭക്ഷണശൈലി നാം അവലംബിക്കേണ്ടത് അത്യാവശ്യമാണ്. നാം എന്തു ഭക്ഷിക്കണമെന്ന് നാം തന്നെ തീരുമാനിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാവണം. പരസ്യങ്ങളുടെ പിന്നാലെ പോയി ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന ഭക്ഷണപദാർത്ഥങ്ങൾ സ്വീകരിക്കുന്നശൈലി വർജ്ജിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒപ്പം, രോഗപ്രതിരോധശക്തി പ്രദാനം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങൾ കൂടുതലായി നമ്മുടെ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്താൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യത്തിൽ ഒരു മിതത്വം നാം പാലിക്കേണ്ടതുമുണ്ട്. ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങളും ഇതോടൊപ്പം നാം ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്. അങ്ങനെ ഒരു പുതിയ ഭക്ഷ്യസാക്ഷരത പിൻതുടരുവാൻ കേരളസമൂഹം കാലവിളംബം വരുത്തിക്കൂടാ.

**3. കാർഷികസംസ്കൃതി:** കൃഷിയായിരുന്നല്ലോ നമ്മുടെപ്രധാന സംസ്കാരം. നമ്മുടെ ഇളംതലമുറയെ കൃഷിയിലേക്കാകർഷിക്കുവാൻ നമുക്ക് സാധിക്കണം. കാർഷികവൃത്തിയിൽ ക്രൈസ്തവർ മുൻപന്തിയിലാണെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ നാം പിൻപന്തിയിലാണ്. ഇവിടെയും ഒരു ക്രിയാത്മകമാറ്റം അനിവാര്യമാണ്. ഇത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനവർദ്ധനവിനും സഹായകരമാകുന്നു. ഏകവിള സമ്പ്രദായത്തിനു പകരം ബഹുവിളയും, സമ്മിശ്രകൃഷി രീതിയുമാണ് നാം ഏറ്റെടുക്കേണ്ടത്. നമ്മുടെ എല്ലാ കുടുംബങ്ങളിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കി പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതാണ്. പാരമ്പര്യമായി നമുക്കുള്ള കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, വിത്തിനങ്ങൾ തുടങ്ങിയവ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ സാധിക്കും. പ്രകൃതിദത്ത കൃഷിരീതിയും ജൈവകൃഷിരീതിയും ആയിരിക്കണം നാം അവലംബിക്കേണ്ടത്. അതുവഴി നമ്മുടെ ആവാസവ്യവസ്ഥയെയും മണ്ണിനെയും നമുക്ക് സംരക്ഷിക്കാനാവും. വിപണനമേഖലയിലും വിലസ്ഥിരത ഉറപ്പാക്കുന്ന നവസംരംഭങ്ങൾ ആരംഭിക്കേണ്ടത് ഇന്നത്തെ വലിയ ആവശ്യമാണ്.

**4. പരിസ്ഥിതി സംരക്ഷണം:** ഫ്രാൻസിസ് മാർപ്പാപ്പായുടെ ലൗദാതോ സി *(Laudato Si)* എന്ന ചാക്രികലേഖനം ഭൂമിയെ ഒരു പൊതു

ഭവനമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ശുദ്ധമായ വായു, വെള്ളം. മണ്ണ്, ആവാസവ്യവസ്ഥ മുതലായവയെല്ലാം സമസ്ത ജീവജാലങ്ങളുടെയും അവകാശമാണെന്ന് മാർപാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വലിച്ചെറിയൽ സംസ്കാരത്തിന് അറുതിവരുത്തേണ്ടതിന്റെ ആവശ്യകത മാർപാപ്പാ നമ്മെ വ്യക്തമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലുമുള്ള മലിനീകരണത്തിനും നമ്മൾ അറുതി വരുത്തേണ്ടതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണം. ഉറവിടങ്ങളിലെ മാലിന്യസംസ്കരണം ജീവിതശൈലിയുടെ ഭാഗമാക്കേണ്ടതാണ്. കൃഷിയിടങ്ങളിലും അല്ലാതെയുമുള്ള വനവൽക്കരണം പ്രോൽസാഹിപ്പിക്കണം. പാരമ്പ്യര്യേതര ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം. പ്രകൃതിവിഭവങ്ങളുടെ നീതിപൂർവ്വകമായ ഉപയോഗം ഉറപ്പുവരുത്താൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങളോടുകൂടി നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ നാമൊരുമിച്ച് യത്നിക്കണം.

**5. സാമ്പത്തികഭദ്രത:** മറ്റേതു മേഖലയും പോലെതന്നെ കോവിഡ്-19 സാമ്പത്തികമേഖലയിലും കനത്ത പ്രഹരമാണ് ഏൽപ്പിച്ചിരിക്കുന്നത്. മുൻഗണനാക്രമങ്ങളിൽ ആവശ്യങ്ങളെ ക്രമീകരിച്ച് മിതവ്യയം അഭ്യസിച്ച് സമ്പാദ്യശീലം വർദ്ധിപ്പിച്ചാൽ മാത്രമേ നമുക്ക് പിടിച്ചു നിൽക്കുവാനാവൂ. എല്ലാത്തരം ധൂർത്തും ആഡംബരങ്ങളും നമ്മൾ ഒഴിവാക്കാൻ ശ്രമിക്കണം. സാമ്പത്തിക അച്ചടക്കം പാലിക്കലാണ് ഈ സാക്ഷരതയുടെ മുഖ്യപ്രമേയം. സർക്കാർ ആനുകൂല്യങ്ങൾ വേണ്ടവിധം പഠിച്ചു മനസ്സിലാക്കി പ്രയോജനപ്പെടുത്തുന്നതിൽ നാം ഇനിയും മടിച്ചു നിൽക്കരുത്. വരുമാനദായകമല്ലാത്ത എല്ലാ നിക്ഷേപങ്ങളും സാമ്പത്തികമേഖലയിലുള്ള നമ്മുടെ ആഘാതം വർദ്ധിപ്പിക്കുകയേയുള്ളൂ. പാവങ്ങളോട് പക്ഷം ചേർന്ന് ജീവിക്കുന്നതിനായി ജാതി, മത, വർഗ്ഗ വർണ്ണഭേദമെന്യേ പങ്കുവയ്ക്കുന്ന ജീവിതശൈലി നമുക്കവലംബിക്കാം. അങ്ങനെ നമ്മുടെ സാമ്പത്തികമേഖലയ്ക്ക് നമ്മളാലാവുംവിധം പുതുജീവൻ പകരുന്നതിന് ഇടയാകട്ടെ.

പ്രകൃതിദത്ത ദുരന്തങ്ങളെ നമുക്ക് അഭിമുഖീകരിക്കാതിരിക്കുവാൻ കഴിയില്ല. എന്നാൽ മനുഷ്യനിർമ്മിത ദുരന്തങ്ങൾക്ക് അറുതി വരുത്താൻ ഇനിയെങ്കിലും നാം ശ്രദ്ധിക്കേണ്ടതാണ്. പല ദുരന്തങ്ങളും മനുഷ്യനിർമ്മിതമാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അതുകൊണ്ടു തന്നെ നമ്മുടെ സമൂഹത്തെ ശരിയായി ബോധവൽക്കരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും നാം സജ്ജമാക്കേണ്ടിയിരിക്കുന്നു.

കേരള കത്തോലിക്കാസഭയുടെ സമൂഹികനീതിക്കും സമാധാനത്തിനും വികസനത്തിനുമായുള്ള കമ്മീഷൻ ഈ നിർദ്ദേശങ്ങളും

പ്രവർത്തനങ്ങളും നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ കൂടുതൽ പഠനവിശകലനത്തിനു വിധേയമാക്കി അനുയോജ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് നമ്മുടെ പ്രകൃതിയെയും ജീവജാലങ്ങളെയും മനുഷ്യനെയും സംരക്ഷിക്കേണ്ടതിന് ഏവരെയും ദൈവനാമത്തിൽ ആഹ്വാനം ചെയ്യുന്നു. ഏവർക്കും ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സമൃദ്ധമായി ലഭിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, കെസിബിസി ജെ.പി.ഡി. കമ്മീഷൻ

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജെ.പി.ഡി.

**ബിഷപ്പ് തോമസ് മാർ എവുസേബിയൂസ്**
കമ്മീഷൻ വൈസ് ചെയർമാൻ,കെസിബിസി ജെ.പി.ഡി. കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3332/K-5/KCBC/OL/DS 23.07.2020

## കെസിബിസി സർക്കുലർ

# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താം

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തസഹോദരങ്ങളേ, പ്രിയ വിശ്വാസികളേ,

ഈ കോവിഡ് കാലത്ത് സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളോട് നമ്മൾ സർവാത്മനാ സഹകരിച്ചുകൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ആരാധനാ ജീവിതത്തെയും സഭാ ജീവിതത്തിന്റെ മിക്കവാറും എല്ലാ മേഖലകളെയും കോവിഡ് പ്രതിസന്ധിയിലാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങളിൽ ഊന്നിയുള്ള ലോക്ക് ഡൗൺ ഭാഗികമായി തുടരുമ്പോൾ തന്നെ അനുദിനം രോഗികളുടെ എണ്ണം വർധിച്ചുകൊണ്ടാണിരിക്കുന്നത്. ലോക്ക് ഡൗണിനു ശേഷമുള്ള സാഹചര്യങ്ങൾ രോഗസാധ്യതയുള്ളവരുമായി കൂടുതൽ ആളുകൾ ഇടകലരുന്നതിന് അവസരമുണ്ടാക്കി. ഈ സന്ദർഭത്തിലും പ്രതിരോധത്തിൽ ഊന്നിയുള്ള സർക്കാരിന്റെ നടപടികൾ ഒരു പരിധിവരെ ഫലപ്രദമായി മുന്നേറുകയാണല്ലോ.

എങ്കിലും, കോവിഡ് 19 മഹാമാരി അതിവേഗം പടരുന്ന സാഹചര്യത്തിൽ, സഭയിലും സമൂഹത്തിലുമുണ്ടായേക്കാവുന്ന അടിയന്തര സാഹചര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നാം കൂടുതൽ സജ്ജരാകേണ്ടിയിരിക്കുന്നു.

1. നമ്മുടെ സന്ന്യാസ ഭവനങ്ങളിലും ആളുകൾ ഒരുമിച്ചു താമസിക്കുന്ന മറ്റിടങ്ങളിലും പ്രത്യേകമായ കരുതൽ ആവശ്യമാണ്. ആരോഗ്യരംഗത്തും മറ്റു സാമൂഹ്യ രംഗങ്ങളിലും പ്രവർത്തിക്കുന്നവർ ദൈനംദിനം അവരുടെ പ്രവർത്തന മേഖലകളിൽ രോഗ സാധ്യത

യുള്ളവരുമായി ഇടപഴകുന്ന സാഹചര്യങ്ങളുണ്ടായേക്കാം. അത്തരം ഇടങ്ങളിൽനിന്നു രോഗം പിടിപെടാതിരിക്കുന്നതിനും, രോഗമുണ്ടായാൽ മറ്റുള്ളവരിലേക്ക് പടരുന്നതിനുള്ള സാധ്യത തടയുന്നതിനും ആവശ്യമായ മുൻകരുതലുകളെടുക്കണം.

2. നമ്മുടെ സമർപ്പിതർ ഈ രംഗത്ത് അപകട സാധ്യത കൂടുതലുള്ള രംഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരാണ്. കഴിയുംവിധമുള്ള എല്ലാ മുൻകരുതലും സ്വീകരിക്കാൻ അവർ ശ്രദ്ധിക്കണം.

3. സഭ നടത്തുന്ന കെയർഹോമുകൾ, വൃദ്ധ സദനങ്ങൾ തുടങ്ങിയ ഇടങ്ങളിലും പ്രത്യേകം കരുതലും ജാഗ്രതയും ഉണ്ടായിരിക്കണം.

4. അറുപത്തിയഞ്ചു വയസ്സിനു മുകളിലുള്ളവർക്ക് ഇടവകയിലെ ആത്മീയശുശ്രൂഷകളിൽ സംബന്ധിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, അവരെ ആത്മീയമായും മാനസികമായും സഹായിക്കുന്നതിന് വൈദികർ വേണ്ടതെല്ലാം ചെയ്യേണ്ടതാണ്.

5. കോവിഡ് രോഗബാധിതരായ ആർക്കുംതന്നെ അജപാലനപരമായനമ്മുടെ ശ്രദ്ധ കിട്ടാതെപോകരുത്. ഏറെ ജാഗ്രതയോടും വിവേകത്തോടുംകൂടി ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നമ്മുടെ വൈദികരെ ഒരുക്കണം.

6. കോവിഡ് രോഗലക്ഷണങ്ങളോടുകൂടി നമ്മുടെ സന്യാസഭവനങ്ങളിലോ ഇടവകകളിലോ ആളുകൾ ഉണ്ടെന്നു ബോധ്യമായാൽ ആരോഗ്യ പ്രവർത്തകരുടെ സഹായം തേടാൻ മടിക്കരുത്. ഇക്കാര്യത്തിൽ പ്രത്യേകം ജാഗ്രത പുലർത്താൻ വൈദികർക്ക് നിർദേശം നൽകണം.

7. കോവിഡ് 19 സംശയിക്കത്തക്ക രോഗലക്ഷണങ്ങളോടെ വൈദികർ വി. കുർബാനയോ മറ്റു കൂദാശകളോ പരികർമ്മം ചെയ്യാനോ വി. കുർബാന മറ്റുള്ളവർക്ക് നൽകാനോ ഇടയാകരുത്. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സഭയിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്ന മറ്റു ശുശ്രൂഷകരും ഇക്കാര്യത്തിൽ ഉയർന്ന ജാഗ്രത പുലർത്തണം.

8. ക്വാറന്റൈനിൽ കഴിയുന്നവരും ഒറ്റപ്പെട്ടു കുടുംബങ്ങളിൽ കഴിയുന്നവരും ഇടവക വൈദികരുമൊക്കെ ഈ ദിവസങ്ങളിൽ ഏകാന്തതയും രോഗഭീതിയും മൂലമുള്ള മാനസിക സമ്മർദങ്ങളും അനുഭവിക്കുന്നുണ്ട്. നമ്മുടെ കരുതലും ബലപ്പെടുത്തുന്ന

വാക്കുകളും വളരെ പ്രധാനപ്പെട്ടതാണ്. സാമൂഹ്യമായി അകലം പാലിക്കുമ്പോഴും ആത്മീയമായും മാനസികമായും പരസ്പരം ശക്തിപ്പെടുത്താൻ നമുക്ക് ജാഗ്രതയുള്ളവരാകാം.

9. കൗൺസിലിംഗിലൂടെയും മറ്റും വ്യക്തികളുടെ ഏകാന്തതയും ആശങ്കകളും കുറയ്ക്കുന്നതിനുള്ള ശുശ്രൂഷകൾ രൂപതാതലത്തിൽ ശക്തിപ്പെടുത്താനും ഈ രംഗത്ത് പരിശീലനവും പരിചയവുമുള്ള അൽമായ സഹോദരങ്ങളുടെയും സമർപ്പിതരുടെയും സേവനം പ്രയോജനപ്പെടുത്താനും കഴിയുന്നതെല്ലാം ചെയ്യണം.

10. രോഗികളെ തക്കസമയത്തു ശുശ്രൂഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും, അവിടെയുണ്ടാകാവുന്ന അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ സംവിധാനങ്ങളെയും സഭയുടെ ശുശ്രൂഷകളെയും ശക്തിപ്പെടുത്തുന്നതിനും മരിച്ചടക്ക്, മൃത ശരീരങ്ങൾ ദഹിപ്പിക്കൽ, ശ്മശാന ഭൂമി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വൈദികരെയും സർക്കാർ സംവിധാനങ്ങളെയും സഹായിക്കുന്നതിനുമായി ഓരോ രൂപതയിലും കോവിഡ് 19 സന്നദ്ധപ്രവർത്തകരുടെ ഒന്നോ അതിലേറെയോ സംഘങ്ങളെ തയ്യാറാക്കേണ്ടതാണ്. രൂപതയിലെ സോഷ്യൽ സർവീസ് സൊസൈറ്റിയും യുവജന സംഘടനയും ആരോഗ്യ പ്രവർത്തകരും വൈദികരും ഉൾപ്പെട്ട ഒരു സംവിധാനമാണ് ഉണ്ടാകേണ്ടത്.

11. ഇടവകാതിർത്തിയിൽ കണ്ടെയിൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ, അവിടെ വസിക്കുന്നവരുടെ ഭക്ഷണം, മരുന്ന് ഇത്യാദി കാര്യങ്ങളിൽ ഈ സംവിധാനങ്ങൾക്ക് ഫലപ്രദമായി സഹായിക്കാൻ കഴിയണം.

12. കെസിബിസി തലത്തിൽ, ഈ പ്രവർത്തനങ്ങളെ കേരള സോഷ്യൽ സർവീസ് ഫോറം ക്രോഡീകരിക്കുന്നതാണ്. ഹെൽത്ത് കമ്മീഷനും യൂത്ത് കമ്മീഷനും കെസിഎംഎസ്സും ഈ പ്രവർത്തനങ്ങളുമായി കൈകോർക്കുന്നതാണ്.

13. ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ രൂപതയിൽനിന്നു കണ്ടെത്തേണ്ടതാണ്. പ്രയാസമുള്ള രൂപതകളെ സഹായിക്കുന്നതിന് കേരള സോഷ്യൽ സർവീസ് ഫോറം സന്നദ്ധത അറിയിച്ചിട്ടുമുണ്ട്. സന്നദ്ധപ്രവർത്തകർക്കുള്ള പരിശീലനം, PPE കിറ്റ് തുടങ്ങിയ കാര്യങ്ങളും ഹെൽത്ത് കമ്മീഷന്റെ സഹകരണത്തോടെ കെഎസ്എസ് ഫോറംവഴി ക്രമീകരിക്കുന്നതാണ്.

14. ആശയവിനിമയം എളുപ്പമാക്കുന്നതിന് ഫോറത്തിന്റെ ഓഫീസായ ആമോസ് സെന്ററിൽനിന്നും സന്നദ്ധ പ്രവർത്തകരുടെ ഒരു ഹെൽപ് ലൈൻ ക്രമീകരിക്കുന്നതാണ്.

15. നമ്മുടെ 32 രൂപതകളിലും ഇക്കാര്യങ്ങൾക്കായി പ്രത്യേകം ഡയറക്ടർമാരെ നിയമിക്കുകയോ സോഷ്യൽ സർവീസ് സൊസൈറ്റികളെ ചുമതലപ്പെടുത്തുകയോ വേണം.

16. കോവിഡ് പ്രതിരോധ യജ്ഞത്തിൽ നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥനകൾ തുടർന്നും ദൈവസന്നിധിയിൽ സമർപ്പിക്കാം.

ദൈവം നിങ്ങളെ കാത്തുപരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ!

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Ref: 3334/K-5/KCBC/OL/DS 27.07.2020

## 2020 ആഗസ്റ്റ് 9 ഞായർ
# തടവറ പ്രേഷിതദിനം

**ജീസസ് ഫ്രട്ടേണിറ്റിക്കുവേണ്ടി കെസിബിസി ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഒന്നിച്ചുവരുന്ന ഓഗസ്റ്റ് 15 ഭാരതത്തിലെ കത്തോലിക്കാസമൂഹത്തിന് സുപ്രധാനദിനമാണ്. സമാഗതമാകുന്ന ഈ അനുഗൃഹീതദിനത്തിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നാമെല്ലാം ഒരർത്ഥത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും തടവറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകൾ നമ്മെ സഹായിക്കുന്നുണ്ട്.

2020 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബെയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14- ന് മുൻപു വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി ഭാരതസഭ ആചരിക്കുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് കൂടുതൽ പ്രിയപ്പെട്ടവനാക്കുന്നു. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച്

പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജരാക്കുക എന്നതാണ് ഈ ദിനാചരണം ലക്ഷ്യമാക്കുന്നത്.

ഫ്രാൻസിസ് മാർപ്പാപ്പ 2019 നവംബർ 7,8 തീയതികളിൽ ലോകത്ത് എല്ലായിടത്തുമുള്ള തടവറ ചാപ്ലെയിൻമാർക്കു വേണ്ടി ഒരു അന്താരാഷ്ട്ര കോൺഗ്രസ്സ് നടത്തുകയുണ്ടായി. മനുഷ്യരുടെ സമഗ്ര വികസനവും കത്തോലിക്കരുടെ തടവറ അജപാലനശുശ്രൂഷയും സംബന്ധിച്ച കോൺഫ്രൻസ് ആയിരുന്നു അത്. ഫ്രാൻസിസ് മാർപാപ്പാ ഈ കോൺഫ്രൻസിൽ വച്ച് തടവുകാർക്ക് ശുശ്രൂഷ ചെയ്യുന്നവർ അവരുടെ വീക്ഷണവും സമീപനവും വ്യത്യാസപ്പെടുത്തണമെന്ന് നിഷ്കർഷിച്ചു. നവീകരണവും വികസനവും മനുഷ്യരുടെ സമഗ്രമായ വളർച്ചയ്ക്ക് കൂടുതൽ നല്ല അവസരങ്ങൾ നൽകുന്നതായിരിക്കണമെന്ന് മാർപാപ്പ ഓർമപ്പെടുത്തി. മനുഷ്യവ്യക്തിയുടെ ദൈവികമായ മഹത്വം സംരക്ഷിക്കപ്പെടുവാനുള്ള അവകാശം നിഷേധിക്കപ്പെട്ടാൽ തടവറസഹോദരങ്ങൾ വീണ്ടും അക്രമം, സുരക്ഷിതത്വമില്ലായ്മ, നിരാശ എന്നിവയിൽ ചെന്നുവീഴും. തിന്മ ചെയ്തതിനുള്ള ശിക്ഷ അനുഭവിച്ചു കഴിഞ്ഞവരെ വീണ്ടും തള്ളിക്കളയുമ്പോൾ അവർ പഴയ തെറ്റുകൾ ആവർത്തിക്കുകയും വീണ്ടും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

തടവറയിൽ കഴിയുന്നവരെ നവീകരിക്കാനും അവർക്ക് പൂർണ്ണത വരുത്താനുമുള്ള മാർപാപ്പയുടെ ആഹ്വാനത്തെ അടിസ്ഥാനപ്പെടുത്തി തടവറ പ്രേഷിത കൂട്ടായ്മ ഈ വർഷത്തെ തടവറ പ്രേഷിതദിനത്തിൽ ''പരിഷ്ക്കരണത്തിലൂടെ ഏകീകരണത്തിലേക്ക്'' എന്ന ചിന്താവിഷയമാണ് പരിഗണിച്ചിരിക്കുന്നത്. ആരംഭത്തിൽതന്നെ, ഈശോയുടെ പ്രബോധനങ്ങളിൽ വളരെ ശ്രദ്ധേയമായ ഒരെണ്ണം ഓർമ്മയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. ''നീ പ്രതിയോഗിയോടു വഴിക്കുവച്ചു തന്നെ വേഗം രമ്യതപ്പെട്ടുകൊള്ളുക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ സേവകനും ഏൽപിച്ചു കൊടുക്കും അങ്ങനെ നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടും. അവസാനത്തെ ചില്ലിക്കാശും കൊടുത്തു വീട്ടുവോളം നീ അവിടെനിന്നു പുറത്തു വരുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു''(മത്താ 5:25-26). തടവറയിലേക്ക് പോകാതിരിക്കുന്നതാണ് കൂടുതൽ നല്ലതെന്ന് അനേകരുടെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. രോഗശമനത്തെക്കാൾ പ്രതിരോധമാണല്ലോ ശ്രേഷ്ഠം.

തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ പരമപ്രധാനമായ ധർമ്മം തടവറയിൽ കഴിയുന്നവരെ അനുതാപത്തിലേക്കും അനുരഞ്ജനത്തിലേക്കും വ്യക്തിത്വരൂപീകരണത്തിലേക്കും നയിക്കുക എന്നതാണ്.

നമുക്ക് അറിയാവുന്നതു പോലെ ഈശോയുടെ ഏറ്റവും മൗലികമായ പ്രബോധനം മാനസാന്തരപ്പെടുവാനുള്ള ആഹ്വാനമാണ്. ''മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപസ്ഥമായിരിക്കുന്നു'' (മത്താ:3:2). ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല'' (മത്താ:18:3). യഥാർത്ഥ മാനസാന്തരം ദൈവത്തോടും സമൂഹത്തോടും കുടുംബത്തോടും തന്നോടു തന്നെയുമുള്ള അനുരഞ്ജനത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു. ''നീ ബലിപീഠത്തിൽ ബലിയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് എന്തെങ്കിലും വിരോധമുണ്ടെന്ന് അവിടെവച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക. പിന്നെ വന്നു കാഴ്ചയർപ്പിക്കുക'' (മത്താ 5:23 -24) എന്ന തിരുവചനം നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. അനുതാപവും അനുരഞ്ജനവും കൃപാവരത്തിന്റെയും ആധ്യാത്മിക പടപൊരുതലിന്റെയും പ്രവൃത്തികളാണ്. അതുകൊണ്ട് തടവറ പ്രേഷിതകൂട്ടായ്മയുടെ നവീകരണ പരിശ്രമങ്ങളുടെ ഫലപൂർണതയ്ക്കുവേണ്ടി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളും ഉപവാസവും ഉണ്ടാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. മിശിഹാസാഹോദര്യ കൂട്ടായ്മയുടെ പരമ ലക്ഷ്യം ജീവിതയാത്രയിൽ സ്വയം നഷ്ടപ്പെട്ടവരുടെ നിത്യരക്ഷതന്നെയാണ്. തടവറയിലുള്ളവർ നമ്മുടെ സഹോദരന്മാരും സഹോദരികളുമാണെന്ന് തടവറപ്രേഷിത ഞായർ ആചരണത്തിലൂടെ സഭ പ്രഘോഷിക്കുന്നു. അവർ അനുതപിക്കാനും അനുരഞ്ജനപ്പെടാനും തങ്ങളെത്തന്നെ നവീകരിക്കാനും സന്നദ്ധരാണെങ്കിൽ ഒരവസരം കൂടി നൽകാൻ നമ്മൾ തയ്യാറാകണം. തടവറയിൽ കഴിയുന്ന സഹോദരങ്ങളിൽ മിശിഹായുടെ മുഖം ദർശിക്കാൻ നമുക്കു കഴിയുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ കാഴ്ചയുള്ളവരാകുന്നത്. ഈശോ പറഞ്ഞു: ''ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു'' (മത്താ: 25:36).

ജീസ്സസ് ഫ്രട്ടേണിറ്റി (മിശിഹാസാഹോദര്യകൂട്ടായ്മ) തടവറകളിൽ ശുശ്രൂഷ ചെയ്യുന്ന ഒരു പ്രേഷിത കൂട്ടായ്മയാണ്. കേരളകത്തോലിക്കാമെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസ്സസ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. കഴിഞ്ഞ 34 വർഷങ്ങളായി, കേരളത്തിലെ ജയിലുകൾ സന്ദർശിച്ചുകൊണ്ട് തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും, ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ശ്രദ്ധിക്കുന്നു.

ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവരുടെ കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തുവരുന്നു. കൂടാതെ, അവരുടെ മക്കളെ ജീസ്സസ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുന്നതോടൊപ്പം വിവാഹപ്രായമെത്തിയവരെ വിവാഹം കഴിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. 2500-ൽ അധികം തടവറ വിമുക്തരായവരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് ഇതുവരെ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട് പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ കീഴിൽ വരുന്ന മിശിഹാസാഹോദര്യകൂട്ടായ്മയുടെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ ആരംഭിച്ച ഈ പുനരധിവാസകേന്ദ്രങ്ങളിൽ നിന്നുമായി നാളിതുവരെ 250 -ൽപ്പരം യുവതീയുവാക്കളുടെ വിവാഹം നടത്തി സഹായിച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോപകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയുന്നവരുടെ മക്കളുടെ പഠനനാളുകളിൽ ആവശ്യമായി വരുന്ന എല്ലാ ചെലവുകളും യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ നിർവഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അംഗീകാരവും നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46- ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിൽ നിന്നും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസ്സസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും

സിസ്റ്റേഴ്സും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകകളിൽ നിന്നു ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസ്സസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഈ വർഷം പല പരിമിതികളുമുണ്ട് എന്നതു വസ്തുതയാണ്. എങ്കിലും സാധിക്കുന്നവിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസ്സസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യുസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

Ref: 3335/K-5/KCBC/OL/DS 28.07.2020

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2020
## ആഗസ്റ്റ് 16, ഞായർ

**കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾ ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി ലഭിക്കുന്നതിനുവേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യ ദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കുകയും ഒപ്പം ദലിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കു ചേരുകയും ചെയ്യുന്നു.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്കും ദലിത് പീഢനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല, നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾക്ക് ധാരാളം തടസ്സങ്ങൾ നേരിടുന്നു. സ്കൂൾ സർട്ടിഫിക്കറ്റുകളിൽ ദലിത് ക്രൈസ്തവർ OEC എന്ന് രേഖപ്പെടുത്തുന്നതിനും

തടസ്സം വന്നിരിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ അർഹമായ പരിഗണന ലഭിക്കാതെ പോകുന്നു. അവിടെ പൊതു വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് ലഭിക്കുന്ന സഹായങ്ങൾപോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിലും അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സാഹചര്യത്തിൽ ഈ സ്ഥാനം ലഭിക്കേണ്ടത് ദലിത് ക്രൈസ്തവർക്കാണല്ലോ. ദൈവവിളി പ്രോത്സാഹനം, സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് CBCI യുടെ ദലിത് ശക്തീകരണ നയം വ്യക്തമാക്കുന്നുണ്ട്. കോവിഡ് 19-ന്റെ കെടുതികൾ കൂടുതൽ അനുഭവിക്കുന്ന ദലിത് ക്രൈസ്തവരുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ രൂപതയും ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാരുടെയും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനില്ക്കുന്നു. ഇത് പരിഹരിക്കുന്നതിനു വേണ്ടി ഭരണഘടന തന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നല്കപ്പെട്ടിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10 ലെ ഇൻഡ്യൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം ഹിന്ദുക്കളല്ലാത്ത ദലിതർക്കെല്ലാം സംവരണം നിഷേധിക്കപ്പെട്ടു. പിന്നീട് 1956 ൽ സിക്കുകാരും 1990-ൽ ബുദ്ധമത ക്കാരുമായ ദലിതരെയും പട്ടികയിലുൾപ്പെടുത്തി സംവരണം നല്കി വരുന്നു. ക്രിസ്ത്യാനികളായ ദലിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദലിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നല്കിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നല്കാൻ മാറി മാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല.

ഈ കടുത്ത അനീതിക്കെതിരേ സുപ്രീം കോടതിയിൽ കേസ് നടന്നുവരുന്നു. ഈ കേസിന്റെ അനുകൂലവിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദലിത് കത്തോലിക്ക മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദലിത് ശക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരെഞ്ഞെടുപ്പിൽ അർഹരായ ദലിത് ക്രൈസ്തവരും പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. ലോക്ഡൗൺ കാരണം മാറ്റി വച്ച ടാലന്റ് ആൻഡ് സ്കിൽ ഡിവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP) ഈ വർഷം തന്നെ തുടങ്ങുന്നതാണ്. ഒപ്പം, കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനവും ആരംഭിക്കേണ്ടതുണ്ട്. എസ്.എസ്.എൽ. സി., പ്ലസ് ടു, ഡിഗ്രി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നല്കുന്നുണ്ട്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

20. PL. 34-325

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## കൈത്താക്കാലം: സഭയെന്ന മഹാരഹസ്യം

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിന്റെ മുഖ്യപ്രമേയം സഭയാണ്. നിരവധി നിർവ്വചനങ്ങളും വിശേഷണങ്ങളും സഭയ്ക്ക് നൽകപ്പെട്ടിട്ടുണ്ട്. അവയെല്ലാം ചേർത്തുവച്ചാലും സഭയെ പൂർണ്ണമായി മനസ്സിലാക്കുക അസാദ്ധ്യമാണ്. മനുഷ്യബുദ്ധിക്കതീതമായ സത്യങ്ങളും സഭ ഉൾക്കൊള്ളുന്നു. മനുഷ്യശക്തിക്കതീതമായ ദൈവീകപ്രവർത്തനങ്ങളുടെ ഇടംകൂടിയാണ് സഭ. അവയെല്ലാം മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് വിധേയമായിരിക്കുകയില്ല. നിഗൂഢമായ ദൈവികപ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതിനാലാണ് സഭയെ രഹസ്യം എന്നു വിളിക്കുന്നത്.

തിരുസ്സഭയുടെ കഴിഞ്ഞ 20 നൂറ്റാണ്ടുകാലത്ത് നടന്ന 21 സാർവ്വത്രിക സൂനഹദോസുകളിൽ തിരുസ്സഭയെ പ്രത്യേക പരിചിന്തനവിഷയമാക്കിയ സൂനഹദോസാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ. സഭയുടെ ദൃശ്യവും അദൃശ്യവും, ഭൗമികവും അഭൗമികവും, മാനുഷികവും ദൈവികവും, കാലികവും കാലാതീതവുമായ യാഥാർത്ഥ്യങ്ങളും,

ലക്ഷ്യം, സ്വഭാവം, പ്രവർത്തനങ്ങൾ തുടങ്ങിയവയും, ദൈവിക വെളിപാടിന്റെയും സഭയുടെ 20 നൂറ്റാണ്ടുകാലത്തെ ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ വത്തിക്കാൻ കൗൺസിൽ മനനം ചെയ്യുകയും പ്രബോധനങ്ങൾ നൽകുകയും ചെയ്തു. തത്സംബന്ധമായ ചില പരിചിന്തനങ്ങൾ അഞ്ചാമത് അതിരൂപതാമഹായോഗം ലക്ഷ്യം വയ്ക്കുന്നു.

കോവിഡ്-19 മഹാമാരിയിൽ ലോകം മുഴുവൻ ഉലയുകയാണിപ്പോൾ. മനുഷ്യജീവിതത്തിന്റെ താളം മാറുന്നു. മരിച്ചവരെ അടക്കുന്നതിൽപോലും പലയിടങ്ങളിലും പ്രതിസന്ധികൾ രൂപംകൊള്ളുന്നു. ഒറ്റപ്പെടലുകളും ഭയപ്പാടുകളും മാനസികസംഘർഷവും തൊഴിൽ പ്രതിസന്ധികളുമൊക്കെ ജീവിതത്തിന്റെ സ്വസ്ഥതയും പ്രതീക്ഷകളും തകർക്കുന്നു. എവിടെയാണ് നമ്മൾ ആശ്വാസം കണ്ടെത്തുക? ആരാണ് ആശ്രയം നൽകുക? എങ്ങനെയാണ് സുരക്ഷിതത്വം ഉറപ്പാക്കുക?

### സഭയൊരു കപ്പൽ

തിരമാലകൾ ആഞ്ഞടിക്കുന്ന കടലിൽ ആടിയുലയുന്ന കപ്പലിലെ യാത്രക്കാരാണ് നമ്മൾ. ഭയപ്പെട്ട്, കടലിൽ ചാടി രക്ഷപ്പെടാമെന്ന് പലരും ചിന്തിച്ചേക്കാം; ഞങ്ങൾ നശിക്കുന്നു (ലൂക്കാ 8:24) എന്നു പറഞ്ഞ് ചിലർ നിരാശയിൽ വീഴാം. ലോകമാകുന്ന സമുദ്രത്തിലൂടെ യാത്രചെയ്യുന്ന ഒരു കപ്പലാണ് സഭ. ആടിയുലയുന്നെങ്കിലും ഈ കപ്പൽ മുങ്ങി നശിക്കുന്നില്ല. കാരണം, അതിന്റെ കപ്പിത്താൻ വിദഗ്ധനായ മിശിഹായാണ്. ഈ യാത്രയിൽ സഭയുടെ കൈയിൽ മരണത്തിന്മേലുള്ള വിജയചിഹ്നമുണ്ട്; കർത്താവായ മിശിഹായുടെ സ്ലീവായാണിത്. കിഴക്കോട്ട്, പ്രത്യാശയുടെ സ്വർഗ്ഗീയ പറുദീസായെ ലക്ഷ്യംവച്ച് യാത്ര ചെയ്യുന്ന കപ്പലാണ് സഭ. മഹാജലപ്രളയത്തിൽ രക്ഷയുടെ സങ്കേതമായിരുന്ന നോഹിന്റെ പെട്ടകമാണ് സഭ. കപ്പലിനെ നിയന്ത്രിച്ചു നിർത്തുന്ന നങ്കൂരം മിശിഹായുടെ കല്പനകളാണ്. മിശിഹായുടെ സ്നേഹമാകുന്ന ചരടുകൊണ്ട് ബന്ധിക്കപ്പെട്ടിരിക്കുന്ന സ്നേഹക്കൂട്ടായ്മയാണ് സഭ. വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദം പറുദീസായിൽനിന്ന് പുറത്താക്കപ്പെട്ടതുപോലെ, പാപം ചെയ്യുന്ന മനുഷ്യൻ ഈ സ്നേഹകൂട്ടായ്മയിൽനിന്ന്, പുതിയ പറുദീസായായ സഭയിൽനിന്ന് പുറത്താക്കപ്പെടും. മൂന്നാം നൂറ്റാണ്ടിൽ രക്തസാക്ഷിയായി മരിച്ച റോമിലെ ഹിപ്പോളിറ്റസിന്റെ മനോഹരമായ സഭാ ചിന്തകളാണിവ.

### സഭ അമ്മ

സഭ അമ്മയാണെന്ന് സഭാപിതാക്കന്മാർ ഉദ്ബോധിപ്പിക്കുന്നു. സഭ ജീവിക്കുന്നവരുടെ യഥാർത്ഥ അമ്മയാണെന്ന് തെർത്തുല്യനും, സഭ അമ്മയല്ലാത്തവർക്ക് ദൈവത്തെ അപ്പനായി ലഭിക്കുക അസാദ്ധ്യമാണെന്ന് സിപ്രിയാനും, നമ്മൾ സഭയ്ക്ക് മക്കളാണെന്ന് റോമിലെ

ക്ലെമന്റും, സഭ കന്യകയായ അമ്മയാണെന്നും മക്കൾക്ക് അവൾ ദൈവവചനമാകുന്ന പാൽ നൽകുന്നുവെന്നും അലക്സാണ്ഡ്രിയായിലെ ക്ലെമന്റും, സഭയാകുന്ന രാജ്ഞി കന്യകാത്വത്തിന്റെ പുഷ്പങ്ങളാലും മാതൃത്വത്തിന്റെ ഫലങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് രക്തസാക്ഷിയായ മെത്തോഡിയൂസും പഠിപ്പിക്കുന്നു.

ദൈവത്തിന്റെ പിതൃസഹജമായ സംരക്ഷണവും സഭയുടെ മാതൃസഹജമായ സ്നേഹവാത്സല്യങ്ങളും അനുഭവിക്കുന്ന, ഒരേസമയം ദൈവമക്കളും സഭയുടെ മക്കളുമാണ് നമ്മൾ. മക്കൾക്കടുത്ത സ്നേഹാദരവുകളോടെ ദൈവത്തെ പിതാവായും സഭയെ അമ്മയായും സ്വീകരിക്കുന്നവർക്ക് ദൈവത്തിന്റെ സംരക്ഷണവും സഭയുടെ വാത്സല്യവും അനുഭവിക്കാൻ കഴിയും.

**സഭ ഒരു രഹസ്യം**

സഭയിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും രക്ഷാകരമായ പ്രവൃത്തികളും അദൃശ്യവും ആന്തരികവുമാണ്. അവ മനുഷ്യബുദ്ധിക്കതീതവും നിഗൂഢവുമാണ്. അതുകൊണ്ടാണ് സഭ ഒരു രഹസ്യമാണെന്നു പറയുന്നത്. സഭയുടെ ഈ രഹസ്യാത്മകസ്വഭാവവും സഭയും മിശിഹായും തമ്മിലുള്ള ബന്ധവും സഭയിൽ ദൈവത്തിന്റെ പ്രവൃത്തികളും ദൈവവചനത്തിന്റെ വെളിച്ചത്തിൽ മനനം ചെയ്തും ധ്യാനിച്ചും വിവിധ പ്രതിരൂപങ്ങളിലൂടെയും ചിത്രീകരണങ്ങളിലൂടെയും പിതാക്കന്മാർ വിശദീകരിക്കുന്നുണ്ട്.

മിശിഹായുടെ കർമ്മഭൂമിയാണ് സഭ. രക്ഷകനായ മിശിഹാ തന്റെ രക്ഷാകരകർമ്മം തുടരുന്നത് സഭയിലും സഭയിലൂടെയുമാണ്. നമ്മെ ദൈവമക്കളും സഭാമക്കളുമാക്കുന്ന മാമ്മോദീസായും, അതിനെ പൂർത്തീകരിക്കുന്ന തൈലാഭിഷേകവും, നിരന്തരം അതിനുപോഷണം നൽകുന്ന പരിശുദ്ധ കുർബാനയും സഭയിലൂടെയുള്ള മിശിഹായുടെ പ്രവൃത്തികളാണ്. ശരീരത്തെ ശിരസ്സിനോടെന്നപോലെ സഭയെ തന്നോട് ഒട്ടിച്ചേർത്തു വളർത്തുന്ന മിശിഹായുടെ നിഗൂഢവും രക്ഷാകരവുമായ ഇടപെടലാണിത്. തന്മൂലം സഭയെ മിശിഹായുടെ മൗതികശരീരമെന്നു വിളിക്കുന്നു. മനുഷ്യൻ ശരീരംകൊണ്ടു പ്രവർത്തിക്കുന്നതുപോലെ, മിശിഹാ സഭയാകുന്ന തന്റെ ശരീരംകൊണ്ട് ഈ ലോകത്തിൽ പ്രവർത്തിക്കുന്നു. ശരീരത്തിൽ ആത്മാവെന്നപോലെ സഭയിൽ വചനമായ മിശിഹാ വസിക്കുന്നുവെന്നും സഭാശരീരത്തിന് ജീവനും ചലനാത്മകതയും നൽകുന്നത് ഈ വചനമാണെന്നും ഒരിജൻ പഠിപ്പിക്കുന്നു.

നാനാവർണ്ണമായ പുഷ്പങ്ങൾ നിറഞ്ഞ പുൽത്തകിടിപോലെയാണ് സഭയെന്നും കന്യകാത്വത്തിന്റെ പൂക്കളാൽ അവർ അലങ്കരിക്ക

പ്പെട്ടും മുടിചൂടപ്പെട്ടുമായിരിക്കുന്നു എന്നും മെത്തോഡിയൂസ് വീണ്ടും പഠിപ്പിക്കുന്നു.

### സഭ മണവാട്ടി

സഭ മിശിഹായുടെ മണവാട്ടിയാണെന്നുള്ള പ്രതിരൂപം വേദ പുസ്തകവും സഭാപിതാക്കന്മാരും എടുത്തുപറയുന്ന ഒന്നാണ്. സഭ തന്റെ ഗുരുവായ മിശിഹായുടെ മണവാട്ടിയാണെന്നും, മണവാളനായ ഈശോ അധ്യാപകനായിരിക്കുന്ന സ്കൂളാണെന്നും അലക്സാണ്ഡ്രിയായിലെ ക്ലെമന്റും, സഭ രണ്ടാം ഹവ്വാ ആണെന്ന് മെത്തോഡിയൂസും പറയുന്നു. ആദത്തിൽനിന്ന് ഹവ്വാ ജന്മംകൊണ്ടതുപോലെ വചനമായ മിശിഹായുടെ അസ്ഥികളിൽനിന്നും മാംസത്തിൽനിന്നും സഭ രൂപപ്പെട്ടു. അതുകൊണ്ടാണ് തന്റെ മണവാട്ടിയുമായി ചേരുന്നതിന് വചനം സ്വർഗ്ഗത്തിൽനിന്ന് പിതാവിനെ വിട്ട് താഴേയ്ക്കിറങ്ങിവന്നത്. ആദത്തിന്റെ പാർശ്വത്തിൽനിന്ന് ഹവ്വാ സൃഷ്ടിക്കപ്പെട്ടതുപോലെ കർത്താവിന്റെ മുറിവേറ്റ പാർശ്വത്തിൽനിന്ന് സഭ ജനിച്ചു. ആദത്തെ മിശിഹായുടെ പ്രതിരൂപമായും, ആദത്തിന്റെ ഉറക്കത്തെ മിശിഹായുടെ മരണമായും ഇവിടെ വിവക്ഷിക്കുന്നു.

### സഭയിലൂടെ പുതുജീവൻ

പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും നിലത്തുവീണ് അഴിഞ്ഞ വചനവിത്തിൽനിന്ന് പുതുജീവൻ നൽകുന്ന ചെടി രൂപംകൊണ്ടു അതാണ് സഭ. വചനം സഭയിൽ വസിക്കുകയും സഭ വചനത്തിൽ വേരൂന്നി അനുദിനം വളരുകയും നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നു. കൂദാശകളിലും വിശിഷ്യാ പരിശുദ്ധ കുർബാനയിലും കേന്ദ്രീകൃതമായ ദൈവാരാധനയിൽ വചനവുമായുള്ള ഐക്യത്തിലും നിത്യജീവനിലും സഭാമക്കൾ നിരന്തരം പരിപോഷിപ്പിക്കപ്പെടുന്നു. പരിശുദ്ധ കുർബാന അനശ്വരതയുടെ ഔഷധമാണ്; മരണത്തിനെതിരായ മറുമരുന്ന്; നിത്യജീവൻ പ്രദാനം ചെയ്യുന്ന മരുന്ന്.

സഭയുടെ ദൈവികോത്ഭവവും സഭയിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങളുമാണ് ഇവയെല്ലാം സൂചിപ്പിക്കുന്നത്. സഭയെ ആത്മീയഗോപുരമായും (ഹെർമാസിന്റെ ഇടയൻ), ലോകത്തിൽ നട്ടുപിടിപ്പിക്കപ്പെട്ട പറുദീസാ (ഇരണേവൂസ്) ആയും പിതാക്കന്മാർ അവതരിപ്പിക്കുന്നു. സഭയാകുന്ന തോട്ടത്തിലെ വൃക്ഷങ്ങളാണ് പഴയനിയമ, പുതിയനിയമ ലിഖിതങ്ങൾ. അവയുടെ ഫലങ്ങൾകൊണ്ട് സഭ നമ്മെ പോഷിപ്പിക്കുന്നു. വിശ്വാസത്തിന്റെ കലവറയാണിത്. അതിലെ വെളിപാടുസത്യങ്ങളുടെ സംരക്ഷണച്ചുമതലയും, ആധികാരികമായി പഠിപ്പിക്കാനുള്ള അവകാശവും സഭയ്ക്കാണ്.

## സഭ രക്ഷയുടെ ഉപകരണം

ദൈവംതന്നെ ലോകത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന മനുഷ്യരക്ഷയുടെ ഉപകരണമാണ് സഭ; അതായത്, രക്ഷയുടെ കൂദാശ. ദൈവവുമായുള്ള ഐക്യത്തിലൂടെയും തൽഫലമായി മനുഷ്യർ തമ്മിൽത്തമ്മിലുള്ള ഐക്യത്തിലൂടെയുമാണ് രക്ഷ സാധിക്കുന്നത്. 'അങ്ങനെയുള്ള ഐക്യത്തിന്റെയും യോജിപ്പിന്റെയും അടയാളവും ഉപകരണവുമാണ് സഭ' എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (തിരുസ്സഭ, 1). ശിരസ്സായ മിശിഹായോട് ഒട്ടിച്ചേർന്നിരിക്കുന്ന, ഏകശരീരത്തിലെ അവയവങ്ങൾപോലെ പരസ്പരം യോജിപ്പിക്കപ്പെട്ടിരിക്കുന്ന വിശുദ്ധമായ ഒരു സ്നേഹക്കൂട്ടായ്മയാണ് തിരുസ്സഭ. ഈ സഭയിൽ അംഗങ്ങളാകാൻ കൃപ ലഭിച്ചതിൽ സന്തോഷിച്ച് സഭയോടൊത്ത് ജീവിച്ചും ചിന്തിച്ചും പ്രവർത്തിച്ചും ദൈവത്തെ നമുക്ക് മഹത്വപ്പെടുത്തുകയും ചെയ്യാം. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

28-07-2020
മർത്ത് അൽഫോൻസായുടെ തിരുനാൾ

***NB:*** *ഏറ്റവും അടുത്ത ഞായറാഴ്ച ഈ സർക്കുലറിലെ വിവരങ്ങൾ വിശ്വാസികളെ അറിയിക്കേണ്ടതാണ്.*

## സർക്കുലർ

**20 Ch. 247-324**

# കോവിഡ് – 19 : ചില നിർദ്ദേശങ്ങൾ

ഈശോയിൽ സ്നേഹമുള്ള ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

കോവിഡ് – 19 വ്യാപനം നമ്മുടെ നാട്ടിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണല്ലോ. മരണസംഖ്യയും ക്രമേണ വർദ്ധിക്കുന്നതായി കാണുന്നു. രോഗം ബാധിച്ചു മരിക്കുന്നവരുടെ മൃതശരീരത്തോടും രോഗബാധിതരോടും അവരുടെ ബന്ധുക്കളോടും ചിലരെങ്കിലും പുലർത്തുന്ന ഭയപ്പാടും അവജ്ഞയും അവഗണനാമനോഭാവവും ഈ രോഗത്തെക്കുറിച്ചും അതിന്റെ വ്യാപനത്തെക്കുറിച്ചുമുള്ള ചില തെറ്റായ ധാരണകളിൽനിന്നാണു രൂപപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ നിതാന്തജാഗ്രതയും അതോടൊപ്പം കരുണാപൂർവ്വമായ സമീപനവുമാണ് ആവശ്യം. കോവിഡ് ബാധിതരുടെ മൃതസംസ്കാരത്തിനായി ലോകാരോഗ്യസംഘടനയും നമ്മുടെ രാജ്യത്തെ കേന്ദ്ര-സംസ്ഥാന ആരോഗ്യവകുപ്പുകളും നൽകിയിരിക്കുന്ന നിബന്ധനകളനുസരിച്ചു ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അതനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**മൃതദേഹവും അണുവിമുക്തമാക്കലും**

1. വീട്ടിൽവച്ചു മരിക്കുന്ന വ്യക്തിക്ക് കോവിഡാണെന്നു സംശയിക്കുന്നപക്ഷം, തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ വാർഡ് മെമ്പറെയും ആരോഗ്യവകുപ്പിനെയും അറിയിച്ച് അവരുടെ നിർദ്ദേ

ശാനുസരണം മൃതദേഹത്തിൽനിന്നുള്ള സ്രവം ടെസ്റ്റ് ചെയ്തു തുടർനിർദ്ദേശങ്ങൾ പാലിച്ചാണു സംസ്കാരം നടത്തേണ്ടത്.

2. കോവിഡ്-19 ബാധിച്ചവരുടെ മൃതദേഹം ബോഡിബാഗിൽ അണുവിമുക്തമാക്കി നൽകുന്നതിനാൽ അതിൽനിന്ന് ആർക്കും വൈറസ് ബാധ ഉണ്ടാവുകയില്ല. മൃതദേഹത്തിൽ നിന്നു സ്രവങ്ങൾ ഒഴുകി വരാനിടയുള്ള വായ്, മൂക്ക്, ചെവി എന്നീ ഭാഗങ്ങൾ പഞ്ഞി ഉപയോഗിച്ചു നന്നായി കവർ ചെയ്തിരിക്കണം.

3. ഒരു ശതമാനം ഹൈപ്പോക്ലോറേറ്റ് ലായനി ഉപയോഗിച്ച് ആവശ്യമെങ്കിൽ മൃതദേഹമടങ്ങിയ ശവപ്പെട്ടി വീണ്ടും അണുവിമുക്തമാക്കാം.

**മൃതസംസ്കാരത്തിൽ സംബന്ധിക്കുന്നവർ:**

4. കൊറോണാ ബാധിച്ച് ആശുപത്രിയിൽ മരിച്ചയാളുടെ സംസ്കാരത്തിൽ പങ്കെടുക്കുന്നവർ എല്ലാവരും പിപിഇ കിറ്റ് ധരിക്കേണ്ടതില്ല. ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിരിക്കുന്നതുപോലെ സാമൂഹിക അകലം പാലിച്ചു 20 പേർക്കു പങ്കെടുക്കാവുന്നതാണ്.

5. മൃതദേഹം ബോഡിബാഗിൽ അണുവിമുക്തമാക്കി സൂക്ഷിച്ചിരിക്കുന്നതിനാൽ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്നവർ മാസ്ക് ധരിച്ചാൽ മതിയാവും. 'ഏപ്രനും (apron) ഗ്ലൗസും ധരിക്കുന്നത് കൂടുതൽ നല്ലതാണ്. എന്നാൽ നിർബന്ധമല്ല'. എന്നാൽ മൃതദേഹമടങ്ങിയ പെട്ടി വഹിക്കുന്നവർ നിർബന്ധമായും പി.പി.ഇ. കിറ്റ് ധരിച്ചിരിക്കണം.

6. അനുവദനീയസംഖ്യയായ 20 പേർക്ക് ആദ്യന്തം മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്.

7. മരിച്ചയാളുടെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്നവർ 14 ദിവസം ക്വാറന്റയിനിൽ പോകണമെന്ന പ്രചാരണവും തെറ്റാണ്. മരിച്ചയാളുമായി സമ്പർക്കമുണ്ടായിരുന്നവരാണ് ക്വാറന്റയിനിൽ പോകേണ്ടത്. മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്നവർ സംസ്കാരത്തിനുശേഷം നിർബന്ധമായും കൈകൾ സോപ്പുപയോഗിച്ചോ സാനിറ്റൈസർ ഉപയോഗിച്ചോ ശുചിയാക്കേണ്ടതാണ്.

8. അനാരോഗ്യമുള്ള വൈദികരും മറ്റുള്ളവരും ശുശ്രൂഷകളിൽ പങ്കെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. ആവശ്യമെങ്കിൽ ഫൊറോനാ വികാരിമാരുടെ നിർദ്ദേശപ്രകാരം കർമ്മസേനയിൽ അംഗങ്ങളായ

വൈദികർ ശുശ്രൂഷകൾ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

9. കോവിഡ് ബാധിച്ചു മരിച്ച വ്യക്തികളുമായി സമ്പർക്കത്തിലായി ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികൾ ഒരുകാരണവശാലും മൃത സംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുവാൻ പാടില്ല.

**അന്ത്യദർശനം:**

10. കൊറോണ ബാധിച്ചു മരിച്ചവരുടെ അന്ത്യദർശനം അനുവദിച്ചിട്ടുണ്ട്. പി. പി. ഇ. കിറ്റ് ധരിച്ചവർക്ക് ബോഡി ബാഗിൽ മുഖഭാഗം മറ്റുള്ളവരെ കാണിക്കാം. എന്നാൽ ആലിംഗനമോ സ്പർശനമോ പോലെയുള്ള ബന്ധം പാടില്ല. അകലം പാലിച്ചു നിന്ന് മരിച്ചയാളെ കാണാം.

**മൃതസംസ്കാര ശുശ്രൂഷകൾ:**

11. കോവിഡ് പോസിറ്റീവായി മരിക്കുന്നവരുടെ മൃതദേഹം നേരിട്ടു സിമിത്തേരിയിലെത്തിച്ചു കർമ്മങ്ങൾ നടത്തിയാൽ മതിയാകും. തദവസരത്തിൽ ഭവനത്തിലെയും ദൈവാലയത്തിലെയും സിമിത്തേരിയിലെയും ശുശ്രൂഷകൾ പ്രസക്തമായ പ്രാർത്ഥനകൾ ചൊല്ലി സിമിത്തേരിയിൽ വച്ചുതന്നെ നടത്തുക.

**മൃതസംസ്കാരത്തിന് കുഴികൾ ഒരുക്കുമ്പോൾ:**

12. മണ്ണിൽ കുഴിയെടുത്തോ കല്ലറയിലോ മൃതദേഹം സംസ്ക്കരിക്കണം. എന്നാൽ സെല്ലാർ പോലുള്ളവ അനുവദനീയമല്ല.

13. കുഴികൾക്ക് ആറടി താഴ്ചയുണ്ടായിരിക്കണം; പത്തടിയാണു അഭികാമ്യം (എന്നാൽ 10 അടി ആഴം നിർബന്ധമല്ല).

14. മൃതദേഹങ്ങൾ പൊതുവായ കേന്ദ്രങ്ങളിൽ ദഹിപ്പിക്കുന്നതിനു തടസ്സമില്ല. എന്നാൽ വീടുകളിൽ ദഹിപ്പിക്കുന്നതിന് അനുവാദമില്ല. ദഹിപ്പിച്ചശേഷമുള്ള ഭസ്മം അന്ത്യകർമ്മങ്ങളോടെ സിമിത്തേരിയിൽ സംസ്കരിക്കാവുന്നതാണ്.

15. മൃതദേഹം മണ്ണിൽ സംസ്കരിച്ചാൽ സമീപമുള്ള കിണറുകളിലും ജലാശയങ്ങളിലും വൈറസ് വ്യാപിക്കുമെന്നതു തെറ്റായ പ്രചരണമാണ്. ഒരു കാരണവശാലും അങ്ങനെ സംഭവിക്കില്ലെന്നാണു വിദഗ്ദാഭിപ്രായം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കു പുറമേ ജൂലൈ മാസത്തെ വേദപ്രചാരമദ്ധ്യസ്ഥനിലെ 20 Ch. 246-323- ാം നമ്പർ സർക്കുലറിൽ പറ

ഞ്ഞിരിക്കുന്ന മറ്റു നിർദ്ദേശങ്ങളും പാലിക്കുവാൻ എല്ലാവരും ശ്രദ്ധി ക്കേണ്ടതാണ്.

കോവിഡ് ബാധിതരായി മരിക്കുന്നവരുടെ മൃതശരീരങ്ങളോടു ആദരവു പുലർത്താനും സംസ്കാരശുശ്രൂഷകൾ ഭക്തിപൂർവ്വം നിർവ്വഹിക്കുവാനും അവരുടെ ബന്ധുക്കളോടു സഹാനുഭൂതിയോടെ ഇടപെടുവാനും എല്ലാവരും ശ്രദ്ധിക്കണം. മുകളിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ജാഗ്രതയോടെ പാലിക്കുവാൻ എല്ലാവരുടെയും സഹ കരണം അഭ്യർത്ഥിക്കുന്നു.

ആവശ്യംവന്നാൽ കോവിഡ് ബാധിതരുടെ മൃതസംസ്കാരത്തിനു വേണ്ട സഹായസഹകരണങ്ങൾ നൽകുവാൻ ഓരോ ഫൊറോനായി ലും ബഹു. ഫൊറോനാ വികാരിയച്ചന്മാരുടെയും യുവദീപ്തി - SMYM, AKCC, KLM, CHASS സംഘടനാഭാരവാഹികളുടെയും നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും അല്മായരും ഉൾപ്പെടുന്ന കർമ്മസേന യ്ക്കു രൂപംകൊടുത്തിട്ടുണ്ടല്ലോ. അവരുടെ സന്നദ്ധതയ്ക്കു പ്രത്യേകം നന്ദിപറയുന്നു. ആരോഗ്യവകുപ്പിന്റെ സഹായത്തോടെ സന്നദ്ധസേനാം ഗങ്ങൾ പരിശീലനം നേടുകയും ആരോഗ്യപ്രവർത്തകരുടെ സഹക രണത്തിൽ യഥാസമയത്തു കൃത്യതയോടെ കാര്യങ്ങൾ ചെയ്യുകയും വേണമെന്നു സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ സഹോദരങ്ങളേ,

കോവിഡ് - 19 രോഗബാധ കൂടുതൽ വ്യാപകമാകുകയും രോഗ ബാധിതർ ആരെല്ലാമെന്നു കൃത്യമായി നിർണയിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോരുത്തരും കർക്കശമായ ജാഗ്രത പുലർത്തുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലി ക്കുകയും ചെയ്യേണ്ടതാണ്. ക്വാറന്റൈനിൽ കഴിയേണ്ടിവരുന്നവരുടെ സംഖ്യ വളരെ കൂടിയെന്നു വരാം. സ്ഥലപരിമിതിമൂലം മിക്കവരും വീടുകളിൽത്തന്നെയായിരിക്കും കഴിയേണ്ടിവരുന്നത്. അനേകദിവസ ങ്ങൾ ഒറ്റപ്പെട്ടു കഴിയേണ്ടിവരുന്നതിന്റെ മാനസിക ബുദ്ധിമുട്ടുകളും ഉണ്ടാകാം. ഈ സാഹചര്യത്തിൽ അങ്ങനെയുള്ളവരുമായി ഫോൺ വഴിയും മറ്റും ബന്ധപ്പെടാനും ആശ്വാസവും ശക്തിയും പകരുവാനും ഇടയാവണം. ഇപ്രകാരമുള്ള സാഹചര്യങ്ങളെ ആത്മധൈര്യത്തോ ടെ ചെറുത്തുനിൽക്കുക എന്നതു പ്രധാനപ്പെട്ട കാര്യമാണ്. മനസ്സ് തളരാതെയും കൊറോണാ വ്യാധിയെ ഭയക്കാതെയും അതിനെ പ്രതിരോധിക്കണം. വ്യക്തിപരമായ മുൻകരുതലുകളിൽ ഉദാസീനത പുലർത്തരുത്. ദൈവാശ്രയവും പ്രാർത്ഥനയും നമുക്കു ശക്തി പകരും.

എല്ലാവരെയും പ്രത്യേകിച്ചു രോഗബാധിതരെ ഞാൻ പ്രാർത്ഥനയിൽ സമർപ്പിക്കുന്നു. ദൈവകരുണയിൽ ഉറച്ചുവിശ്വസിച്ചുകൊണ്ടു നമ്മുടെ കൂട്ടായ്മ ശക്തിപ്പെടുത്താം. ഈശോ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

24-07-2020

***NB:*** *ഈ സർക്കുലറിലെ വിവരങ്ങൾ യുക്തമായ മാർഗ്ഗങ്ങളിലൂടെ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.*

# അഞ്ചാമത്
# അതിരൂപതാ മഹായോഗം

പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, അല്മായ സഹോദരങ്ങളേ,

ഏവരും സുഖമായിരിക്കുന്നുവെന്നു വിശ്വസിക്കുന്നു. ഒരു കാര്യം ഓർമ്മപ്പെടുത്താനാണ് ഇത് എഴുതുന്നത്.

നമ്മുടെ അതിരൂപതയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും, വരും വർഷങ്ങളിലേക്കുവേണ്ട നല്ല തീരുമാനങ്ങൾ കൈക്കൊള്ളുവാനുമായി നമ്മുടെ അതിരൂപത നടത്തുവാനാഗ്രഹിക്കുന്ന അഞ്ചാമതു മഹായോഗത്തിലേക്കു നിങ്ങളുടെ അഭിപ്രായങ്ങളേയും ആശയങ്ങളേയും ക്ഷണിച്ചുകൊണ്ടു പിതാവ് എഴുതിയ കത്ത് മേയ് മാസത്തിലെ മദ്ധ്യസ്ഥൻവഴി നിങ്ങൾക്കു ലഭിച്ചിരുന്നുവല്ലോ. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇടവക/ ഫൊറോനാ സംവിധാനങ്ങൾ വഴിയോ, നിങ്ങളടങ്ങുന്ന സംഘടനകൾ മുഖാന്തരമോ അതിരൂപതാ കേന്ദ്ര ആപ്പീസ്സിൽ ആഗസ്റ്റ് 15ന് മുമ്പായി എത്തിക്കുമല്ലോ. അതിനായുള്ള ഒരുക്കങ്ങളെല്ലാം വൈദികരുടേയും സമർപ്പിതരുടേയും സംഘടനാ ഭാരവാഹികളുടേയും നേതൃത്വത്തിൽ നടക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു.


സ്വന്തമായിട്ടുള്ളതെല്ലാം ദൈവസന്നിധിയിൽ സമർപ്പിച്ച വിധവയുടേതുപോലെയുള്ള ഉത്തമമായ ദൈവാശ്രയബോധം കൊവിഡ് - 19 -ന്റെ കാലത്തു നമുക്കു താങ്ങും തണലുമായിരിക്കും.

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളിന്റെയും, നമ്മുടെ അമ്മയായ മാർത്ത് മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവ്വം ഏവർക്കും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് പാടിയത്ത്**
വികാരി ജനറാൾ

Contact Person :
മഹായോഗം ജനറൽ സെക്രട്ടറി:
ഫാ. ക്രിസ്റ്റോ നേര്യംപറമ്പിൽ
മൊബൈൽ : 9633234907




# I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Aerathedam Phlip | Kainakary | Kurumpanadam Assumption |
| Aiyamkary Joseph | Priest Home, Ithithanam | Aruvikuzhy |
| Anchil Mathew | Thirumala | Vaipur Old |
| Cheeramvelil Jacob | Aickarachira | Amboory F |
| Chirakadavil Joseph | Mundupalam | Retired, Priest Home, Ithithanam |
| Choolaparampil Joseph | Amboory F | Thottackad |
| Choorapuzha Scaria | Mannarkunnu | Kidangara |
| Chooravady Mathew (Jr) | Kesavadasapuram f | Pongummodu |
| Elamkulam Kurian | Pallathuruthy | Kalavoor |
| Elanjimattam Joseph | | Media Village & Deepika |
| Erupathil Zacharia | Alappuzha F | Nedumon, Pathanapuram<br>B Ed Study |
| Kainikara Tom | | Pulimugham f (addl) |
| Kakkuzhy Cherian | Pathanapuram | Thekkekara St Sebastian (addl) |
| Kanchickal Philip | Pulimugham f | Ponga (addl) |
| Kanicheril Laiju | | Arunoottampadam, Kuttaman-<br>galam |
| Kappammuttil George | Cheppumpara | Kainady |
| Karivelil Zacharias | Minor Seminary, Kurichy | Kainakary |
| Kattooppara Antony | Aruvikuzhy | Kumaranalloor |
| Kavithazhe Philip | Kidangara | Relieved |

| | | |
|---|---|---|
| Kayamkulathusserry Thomas | | Mahendrapuram (addl) |
| Kizhakkemury Joseph | | Study PVP Vadavathoor |
| Kochuparampil Jose | Paral | Changanacherry Metropolitan |
| Kollamkalam Alex | | Cheppumpara |
| Koottummel Sebastian | Eravinalloor | Confessor, Vettimukal |
| Kottathil Mathew | Nedumon | Relieved |
| Kunnakkattuthara Zacharias | Vaipur Old, Vetticka-Ipurayidam | Dir., Priest Home, Ithithanam |
| Kunnil James | Thottackadu | Parampuzha |
| Kuzhiyadiyil Joseph | Kumaranalloor | Aickarachira |
| Manakalam Joseph | | SpFr, Minor Seminary, Kurichy (addl) |
| Mancherikalam Sebastian | Pandy | Kesavadasapuram f church |
| Manthuruthil George | Mahendrapuram | Relieved |
| Mathilakathukuzhy Varghese | Pallikoottumma | Kandankary (addl) |
| Mavelil John MCBS | Kumarapuram f | Pandy |
| Moolamkunnam George | Kayalpuram | Ambalapuzha, Study Denahalaya |
| Moolayil Antony | Pulincunnoo F | Cheeramchira |
| Mullakary Jose | | Vadakekara (Sunday Ministry) |
| Mullasserry Mathew | Kalavoor | Retired, Hosp. Ministry, Alappuzha &Kumarapuram f. |
| Mundunadackal Isaac | | Thirumala (addl) |
| Muttathil Antony | Kulathur | Kumarakam Navanazreth |
| Naduviledam Gregory | Kurumpanadam Assumption | Retired, Priest Home, Ithithanam |
| Neriamparampil Christo | | Asst Corpo. Manager (addl) |
| Nilavanthara Jose | Laikadu | Thottackadu (resi) |
| Ninaprampil Antony | Vettimukal | Laikadu |
| Padinjarekuttu Mathew | Parampuzha | Relieved |
| Paikattumattathil Thomas | | Chengalam f Church (addl) |
| Palackacherry Chacko | Kandankary | M Ph Study, DVK Bangalore |
| Parackal Jacob | | Paral (addl) |

| | | |
|---|---|---|
| Parackal Joseph | Chengalam f | Mannila (addl) |
| Parappally Jose | Mannila | Mundupalam |
| Parathara Thomas | | Vettithurithu f Church (addl) |
| Pazhayamadam James | | Vettickalpurayidam (addl) |
| Plathanam John | Paral Sunday ministry | Chaplain, Assumption College Chapel (addl) |
| Porookara Antony | Kumarakam Navanazreth | Punnathura |
| Puthenangady Mathew | Chanjody | Pulincunnoo F |
| Puthenparambil Joseph | Kattachira | Confessor, Pulincunnoo F |
| Puthenpura Kurian | Changanacherry Metropolitan | Kattachira |
| Puthenpurackal Thomas (Aji) | Ambalapuzha | Kannady St Joseph |
| Puthumanamoozhiyil George | Vettithturuthu f | Eravuchira (addl) |
| Puthusseril Sebastian | | Laikadu (Resi.) |
| Puthuveedu Joseph | Arunoottampadam, Kuttamangalam | Leave |
| Puthuveettilkalam Joseph (Sr) | Kannady St Joseph | Retired, resi. Home |
| Thalachelloor Antony | Media Commission, Kakkanad | LECL Study, PVP Vadavthoor |
| Tharmasserry Abraham | Pongummoodu | Mannarkunnu |
| Thattassery Antony | Payattupakka | Vocation Promoter (addl) |
| Thekkekara Thomas | Edathua MJ Hospital | Chanjody |
| Thekkepurathu Jose | Cheeramchira | Vice-Princi., SB College Chry |
| Valiyaparampil Sebastian | Minor Seminary, Kurichy | Kayalpuram |
| Vallayil George | | Eravinalloor (addl) |
| Vallayil Job | | Payattupakka (addl) |
| Varuvelil Mathew | | Kulathur |
| Vellamathara Sebastian | Ponga | Pallathuruthy (addl) |
| Vellanickal Louis | Eravuchira | Pallikkoottumma |

## Parochial Vicars

| Rev Frs. | Transferred from | Transferred to |
|---|---|---|
| Chorettuchamakala Joseph | Kottackapuram | Punnathura |

| | | |
|---|---|---|
| Erupathanchil Rino SVD | Champakulam F | Relieved |
| Kakkanattu Joseph | Secretary, Aux Bp & Abp Emeritus | Thiruvananthapuram F |
| Kappithottam Philipose | | Kottackapuram |
| Kochuparampil Varghese | Veroor | Edathua-Koilmuck F |
| Kooliparampil Isaac | Pulincunnoo F | Veroor |
| Malyeckal Mathew | Alappuzha F | Archeparchial Curia Office |
| Mampallithadathil Atnony CRM | Koothrappally | Relieved |
| Mukkam Mathew | | Chanjody |
| Pakalomattam Jose | Thiruvananthapuram F | Champakulam F |
| Panachinkal Varghese | | Study PVP Vadavathoor (addl) |
| Peringalloor Ajith MCBS | | Koothrappally |
| Plamparampil Varghese | Edathua-Koilmuck F | Alappuzha F |
| Plathanam Joseph | Mammoodu | Secretary, Aux Bp & Abp Emeritus |
| Sauryamkuzhy Lijo OFM Cap | Poonthope | Villoonni |
| Vengasserry Thomas | Villoonni | Poonthope |
| Velangattussery Joseph | Kurumpanadam Assumption | Mammoodu |



വത്തിക്കാനിലെ കേന്ദ്രകാര്യാലയത്തിന്റെ
പൊതുകാര്യങ്ങൾക്കു വേണ്ടിയുള്ള
വിഭാഗത്തിൽ ഫ്രാൻസീസ് മാർപ്പാപ്പായാൽ
നിയമിതനായ

**മോൺ. ജോർജ് കൂവക്കാടിന്**

**അതിരൂപത കുടുംബത്തിന്റെ
ആശംസകൾ**

മിശിഹായിൽ സ്നേഹമുള്ളവരെ,

ആരാധനാവത്സരത്തിലെ കൈത്താക്കാലത്തിലൂടെ നാം കടന്നുപോകുമ്പോൾ, ആത്മീയവും മാനുഷികവുമായ നന്മകളിലൂടെ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഓൺലൈൻ ക്ലാസ്സുകളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിങ്ങൾ ശ്രദ്ധിക്കുന്നു എന്നു കരുതുന്നു. കഴിഞ്ഞ ഒന്നരവർഷമായി നമ്മുടെ അതിരൂപതയുടെ തെക്കൻ മേഖലയിൽ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച് ഇപ്പോൾ ചമ്പക്കുളം ബസിലിക്കാ പള്ളിയിൽ അസി. വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ഐബിൻ പകലോമറ്റം അച്ചന് നന്ദിയും പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു. അതോടൊപ്പം സന്ദേശനിലയം-മിഷൻലീഗിന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോൺ (ജെയ്മോൻ) വടക്കേക്കളം അച്ചന് ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു. ആഗതമാകുന്ന പരി.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ അറിയിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജെയ്മോൻ വടക്കേക്കളം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 ശനി | - | 15 നോമ്പാരംഭം<br>**32-ാമത് അൽഫോൻസാ തീർത്ഥാടനം**<br>(ഈ വർഷം ആത്മീയതീർത്ഥാടനമാക്കി മാറ്റാം) |
| 2 ഞായർ | - | കൈത്താക്കാലം രണ്ടാം ഞായർ, ക്ലാസ്സ് - 10 |
| 4 ചൊവ്വ | - | **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**, ഇടവക വൈദികരുടെ ദിനം |
| 6 വ്യാഴം | - | **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം** |
| 9 ഞായർ | - | കൈത്താക്കാലം മൂന്നാം ഞായർ, ക്ലാസ്സ് - 11 |
| 15 ശനി | - | **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** (കടമുള്ള ദിവസം, ഓഫീസ് അവധി) |
| 16 ഞായർ | - | കൈത്താക്കാലം നാലാം ഞായർ, ക്ലാസ്സ് - 12 |

21 വെള്ളി - മർത്ത് ശ്മോനിയും ഏഴു മക്കളും
23 ഞായർ - കൈത്താക്കാലം അഞ്ചാം ഞായർ, ക്ലാസ്സ് - 13
24 തിങ്കൾ - മാർ ബർത്തലോമിയോ ശ്ലീഹാ
29 ശനി - വി. എവുപ്രാസ്യാ
30 ഞായർ - കൈത്താക്കാലം ആറാം ഞായർ, ക്ലാസ് - 14

**സെപ്റ്റംബർ**

1 ചൊവ്വ - എട്ടുനോമ്പാരംഭം
5 ശനി - വി. മദർ തെരേസ
6 ഞായർ - കൈത്താക്കാലം ഏഴാം ഞായർ, ക്ലാസ്സ് - 15
8 ചൊവ്വ - **പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ**

## നന്ദി

ബഹു. ജോസഫ് (ഐബിൻ) പകലോമറ്റത്തച്ചൻ ഈ കഴിഞ്ഞ ഒന്നര വർഷക്കാലം അതിരൂപതാ സന്ദേശനിലയം-മിഷൻലീഗ് അസി. ഡയറക്ടറായി (തെക്കൻ മേഖലയിൽ) വളരെ സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുകയായിരുന്നു. പ്രത്യേകമായി തെക്കൻ മേഖലയിലെ വിശ്വാസപരിശീലന രംഗത്ത് വളരെ തീക്ഷണതയോടെ അച്ചൻ പ്രവർത്തിച്ചു. അച്ചന്റെ വലിയ സേവനത്തെ സന്ദേശനിലയം വിലമതിച്ചുകൊണ്ട്, അച്ചന് എല്ലാവിധ നന്ദിയും അറിയിക്കുന്നു. ഒപ്പം, ചമ്പക്കുളം ബസിലിക്കാ പള്ളിയുടെ അസി. വികാരിയായി ചാർജ് എടുത്തിരിക്കുന്ന ഫാ. ജോസഫ് പകലോമറ്റത്തച്ചന് ഈ അവസരത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

ആലപ്പുഴ ഫൊറോന സൺഡേസ്കൂൾ ഓർഗനൈസറായി സേവനം ചെയ്ത ഫാ. സഖറിയാസ് (ജെനി) ഇരുപതിലിനും സന്ദേശനിലയം കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

## സ്വാഗതം

അതിരൂപതയുടെ തെക്കൻ മേഖലയുടെ പ്രത്യേക ചുമതലയോടുകൂടി സന്ദേശനിലയം-മിഷൻലീഗിന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോൺ (ജയ്മോൻ) വടക്കേക്കളം അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. തെക്കൻ മേഖലയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു....

## ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

വിശ്വാസപരിശീലകർക്കായി നടത്തപ്പെട്ട ഓൺലൈൻ പരിശീലന പരിപാടിയായ Break the Boredom സർട്ടിഫിക്കറ്റുകൾ വിതരണം ആരംഭിച്ചു. ക്വിസ് മത്സരങ്ങളെക്കൂടാതെ 4 ഇനങ്ങളിലെങ്കിലും പങ്കെടുത്തവർക്കാണ് സമ്മാനങ്ങൾ നല്കപ്പെടുക. അർഹരായ ഏതെങ്കിലും അധ്യാപകർക്ക് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടി

ല്ലെങ്കിൽ 9496191104 എന്ന നമ്പരിലേയ്ക്ക് പേരും ഇടവകയും പങ്കെടുത്ത മത്സര ങ്ങളുടെ ലിസ്റ്റും അയച്ചുതരേണ്ടതാണ്.

### പരി. കുർബാന ചോദ്യോത്തരങ്ങളിലൂടെ

Break the Boredom അധ്യാപകർക്കുള്ള പരിശീലനപരിപാടിയുടെ ഭാഗ മായി നല്കിയ റവ.ഡോ. പോളി മണിയാട്ടിന്റെ പരി.കുർബാനയെക്കുറിച്ചുള്ള പ്രസംഗപരമ്പരകളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ചോദ്യോത്തരങ്ങളുടെ ലഘുലേഖ, പി.ഡി.എഫ്. ഫോർമാറ്റിൽ അധികം താമസിയാതെ നല്കപ്പെടു ന്നതാണ്.

### കാറ്റക്കെയ്സ് - ഓൺലൈൻ പ്രസംഗമത്സര ഫലങ്ങൾ

മതാധ്യാപക ദിനത്തോടനുബന്ധിച്ച് സന്ദേശനിലയം സംഘടിപ്പിച്ച ഓൺലൈൻ പ്രസംഗമത്സരത്തിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകരെയും അഭിനന്ദിക്കുന്നു.

ഒന്നാം സമ്മാനം - അലീന ബേബി വെഞ്ചെമ്പ്

രണ്ടാം സമ്മാനം - ജിനോ ജോർജ്ജ് ചമ്പക്കര

മൂന്നാം സമ്മാനം - ഗോഡ്വിൻ തോമസ് നർബോനപുരം

### ആദരാഞ്ജലികൾ

വിശ്വാസപരിശീലനരംഗത്ത് സജീവ സാന്നിധ്യമായിരുന്ന ബഹു. സിസ്റ്റർ ജ്യോതിസ് എസ്.എ.ബി.എസിന്റെയും കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ CRT അംഗവുമായ ശ്രീ. അഡോൾഫ് സേവ്യർ കല്ലുകളത്തിന്റെ മാതാവിന്റെയും കുറിച്ചി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. അമൽ വർഗീസിന്റെ പിതാ വിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കു കയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്

15-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം ആഗസ്റ്റുമാസം 8-ാം തീയതി വൈകുന്നേരം 7 മണിക്ക് Webinar- ആയി നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. എല്ലാ ബഹു. അംഗങ്ങളും ദയവായി Zoom application download ചെയ്ത് തയ്യാറെടുക്കുമ ല്ലോ.

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
(ജോ. സെക്രട്ടറിമാർ)

**ഡോ. ഡൊമിനിക്ക് ജോസഫ്**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

ഫലാഗമകാലം എന്നു കൂടി അറിയപ്പെടുന്ന ഈ കൈത്താക്കാലത്തിൽ, പ്രാർത്ഥനയുടെയും പങ്കുവയ്ക്കലിന്റെയും, അനുസരണത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ദൈവമക്കൾക്ക് യോഗ്യമാംവിധം ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ഒന്നരവർഷക്കാലം തെക്കൻ മേഖലയിൽ മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് വളരെ സ്തുത്യർഹമായ രീതിയിൽ നേതൃത്വം നല്കി ഇപ്പോൾ ചമ്പക്കുളം ബസിലിക്കാ പള്ളിയിൽ അസി. വികാരിയായി നിയമിതനായിരിക്കുന്ന ബഹു. ഐബിൻ പകലോമറ്റം അച്ചന് നന്ദിയും പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു. അതോടൊപ്പം സന്ദേശനിലയം - മിഷൻലീഗിന്റെ പുതിയ അസി. ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോൺ വടക്കേകളം അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

സി.എം.എൽ സംഘടനയുടെ സ്ഥാപകനേതാവ് ശ്രീ. പി. സി. എബ്രഹാം പല്ലാട്ടുകുന്നേലിന്റെ പതിനൊന്നാം ചരമവാർഷിക ദിനമായ ആഗസ്റ്റ് 11ന് അദ്ദേഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ ഏവർക്കും നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജെയ്മോൻ വടക്കേക്കളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 ശനി | - | 15 നോമ്പാരംഭം |
| | | **32-ാമത് അൽഫോൻസാ തീർത്ഥാടനം** |
| | | (ഈ വർഷം ആത്മീയതീർത്ഥാടനമാക്കി മാറ്റാം) |
| 4 ചൊവ്വ | - | **വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ**, ഇടവക വൈദിക ദിനം |
| | | ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാം, ആശംസകൾ നേരാം. |
| 6 വ്യാഴം | - | **നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം** |
| 11 ചൊവ്വ | - | **കുഞ്ഞേട്ടൻ ചരമദിനം (11-ാം ചരമവാർഷികം)** |
| 15 ശനി | - | **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** (കടമുള്ള ദിവസം, ഓഫീസ് അവധി) |

21 വെള്ളി - മർത്ത് ശ്മോനിയും ഏഴു മക്കളും
24 തിങ്കൾ - മാർ ബർത്തലോമിയോ ശ്ലീഹാ
29 ശനി - വി. എവുപ്രാസ്യാ

**സെപ്റ്റംബർ**

1 ചൊവ്വ - എട്ടുനോമ്പാരംഭം
5 ശനി - അധ്യാപകദിനം, വി. മദർ തെരേസ
8 ചൊവ്വ - **പരി.കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ**
9 ബുധൻ - സ്ഥാപക ഡയറക്ടർ, റവ. ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ 22-ാം ചരമദിനം

## വി. ജോൺ മരിയ വിയാനി ദിനം

ആഗസ്റ്റ് 4-ാം തീയതി ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനമാണ്. അന്നേ ദിവസം നമ്മുടെ ഇടവകയിലെ ബഹു. വൈദികർക്കായ് നമുക്ക് പ്രാർത്ഥിക്കാം.

## 5-ാമത് ചങ്ങനാശ്ശേരി അതിരൂപതാ മഹായോഗം

2020 ഡിസംബർ മാസത്തിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ 5-ാമത് മഹായോഗം ക്രമീകരിക്കുകയാണ്. അതിനൊരുക്കമായി ഇടവകതലത്തിലും സംഘടനാതലത്തിലും പഠനവിഷയങ്ങൾ നല്കിയിട്ടുണ്ട്. കുഞ്ഞുമിഷനറിമാരായ നമുക്കു ലഭിച്ച പഠനവിഷയം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ **''സഭയുടെ പ്രേഷിത പ്രവർത്തനം''** എന്ന ഡിക്രിയാണ്. 6 അധ്യായങ്ങളുള്ള ഈ ഡിക്രി മനസ്സിലാക്കുവാൻ എല്ലാ കുഞ്ഞുമിഷനറിമാരും ശ്രദ്ധിക്കുമല്ലോ.

## നന്ദി

ഒന്നരവർഷക്കാലം മിഷൻലീഗ് അസി. ഡയറക്ടറായി സേവനം അനുഷ്ഠിക്കുകയും തെക്കൻ മേഖലയുടെ പ്രത്യേക ചുമതല വഹിക്കുകയും ചെയ്ത ശേഷം ഇപ്പോൾ ചമ്പക്കുളം ബസിലിക്കാ പള്ളി അസി.വികാരിയായി നിയമിതനാകുകയും ചെയ്യുന്ന ഫാ. ജോസഫ് (ഐബിൻ) പകലോമറ്റത്തിന് നന്ദി. തിരുവനന്തപുരം, കൊല്ലം - ആയൂർ, അമ്പൂരി എന്നീ 3 ഫൊറോനകളിലെ മിഷൻലീഗിന്റെ എല്ലാ പ്രവർത്തനങ്ങളും അതിമനോഹരമായി ക്രമീകരിക്കുവാൻ അച്ചന് സാധിച്ചു. പുതിയ ശുശ്രൂഷാ രംഗത്ത് എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് മേഖലാ ഡയറക്ടർമാരായിരുന്ന ഫാ. വർഗ്ഗീസ് കൊച്ചുപറമ്പിൽ (ചങ്ങനാശ്ശേരി), ഫാ. വർഗ്ഗീസ് പ്ലാപ്പറമ്പിൽ (എടത്വാ), ഫാ. സഖറിയാസ് ഇരുപതിൽ (ആലപ്പുഴ) എന്നിവർക്ക് അതിരൂപതാ ചെറുപുഷ്പമിഷൻലീഗ് കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും.

## സ്വാഗതം

അതിരൂപതയുടെ തെക്കൻ മേഖലയുടെ പ്രത്യേക ചുമതലയോടുകൂടി സന്ദേശനിലയം - മിഷൻലീഗിന്റെ പുതിയ അസി. ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന ബഹു. ജോൺ (ജെയ്മോൻ) വടക്കേക്കളത്തച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

ഏവർക്കും പരി. അമ്മയുടെ സ്വർഗ്ഗാരോപണത്തിരുനാളിന്റെയും, ഭാരത സ്വാതന്ത്ര്യത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

കൊറോണാ വ്യാപനം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലൂടെയാണല്ലോ നാം നീങ്ങുന്നത്. ദൈവത്തിനു മാത്രമെ ഈ മഹാ വിപത്തിൽനിന്നും നമ്മെ രക്ഷിക്കാൻ സാധിക്കൂ. കൊറോണയുടെ നിർമാർജ്ജനം കുടുംബക്കൂട്ടായ്മയുടെ നിയോഗമായി ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് നമുക്കൊന്നു ചേർന്ന് പ്രാർത്ഥിക്കാം.

ഓൺലൈനിൽ നമ്മുടെ ചാനലായ MAAC TV യിലൂടെ സംപ്രേഷണം ചെയ്യുന്ന അതിരൂപതയുടെ എല്ലാ വിഭാഗങ്ങളുടെയും പരിപാടികൾ കാണുവാനും മനസിലാക്കുവാനും പ്രത്യേകം ശ്രദ്ധിക്കണമെ.

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ജൂലൈ 1 ന് ആരംഭിച്ചു പല ഇടവകകളും ഇതിനോടകം രജിസ്ടേഷൻ നടത്തുകയുണ്ടായി. ഈ പ്രത്യേക സാഹചര്യത്തിൽ ദൈവ വചനത്തിൽ ആഴപ്പെടുവാൻ ലോഗോസ് പഠനം കാരണമാകട്ടെയെന്ന് ആശംസിക്കുന്നു. ലോഗോസ് സംബന്ധമായ വിവരങ്ങൾ യഥാസമയം ഓരോ ഇടവകയിലുമുള്ള ലോഗോസ് കോർഡിനേറ്റേഴ്സിനെ അറിയിക്കുന്നതാണ്. ദൈവപദ്ധതിക്ക് നമ്മെ പൂർണ്ണമായി സമർപ്പിക്കാം.

പ്രാർത്ഥനയോടെ

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### ലോഗോസ് ഓൺലൈൻ മാതൃകാ ക്വിസ്

ലോഗോസ് ക്വിസ് മത്സരാർത്ഥികളുടെ പരിശീലനം ലക്ഷ്യം വച്ച് ജൂലൈ 15 ന് ലോഗോസ് ഓൺലൈൻ മാതൃകാ ക്വിസ് നടത്തി. 200 പേർ പങ്കെടുക്കുകയുണ്ടായി.

## അറിയിപ്പുകൾ

### മെൽസാ & ഫീദെസ്

അതിരൂപതയുടെ യുട്യൂബ് ചാനലായ MAAC TV യിലൂടെ സംപ്രേഷണം ചെയ്യുന്ന മെൽസ, ഫീദെസ് എന്നീ ഓൺലൈൻ പരിപാടികൾ കുടുംബക്കൂട്ടായ്മ വാട്ട്സാപ്പ് ഗ്രൂപ്പ് രൂപികരിച്ച് എല്ലാവരിലും എത്തിക്കണമെന്ന് കൂട്ടായ്മാ ലീഡേഴ്സിനോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

### അതിരൂപത മഹായോഗം

അതിരൂപത മഹായോഗത്തിൽ ചർച്ച ചെയ്യുന്നതിനായി 'സ്നേഹത്തിന്റെ ആനന്ദം' എന്ന ഫ്രാൻസിസ് പാപ്പായുടെ ശ്ലൈഹിക പ്രബോധനം കുടുംബക്കൂട്ടായ്മ പഠനത്തിനായി ഏൽപ്പിച്ചിരുന്നു. ഇതിന് സഹായകമാകുന്ന രീതിയിൽ പ്രസ്തുത പ്രബോധനത്തെക്കുറിച്ച് അതിരൂപതയുടെ യുട്യൂബ് ചാനലായ

MAAC TV യിലൂടെ റവ. ഡോ. ആന്റണി മൂലയിൽ 4 എപ്പിസോഡുകളിലൂടെ പ്രബോധനം നൽകുകയുണ്ടായി. ശ്രീ. ആന്റണി തോമസ് മലയിൽ തയ്യാറാക്കിയ ഈ പ്രബോധനത്തിന്റെ സംക്ഷിപ്ത രൂപവും തയ്യാറായിട്ടുണ്ട്. ഇവ രണ്ടും നിങ്ങളുടെ പഠനത്തിനും വിചിന്തനത്തിനുമായി നൽകുകയാണ്. ഓരോന്നും കണ്ടതിന് ശേഷം മനസിലാക്കിയ വിവരങ്ങൾ കുറിച്ച് വെയ്ക്കേണ്ടതും പിന്നീട് അതിനെ വിശകലനം ചെയ്തുള്ള 10 നിർദ്ദേശങ്ങൾ ആഗസ്റ്റ് 5 ന് മുമ്പ് കുടുംബ കൂട്ടായ്മ ഓഫീസിൽ വാട്ട്സാപ്പു വഴി (7306208356, 9447776920) നൽകേണ്ടതുമാണ്.

| | |
|---|---|
| Introduction | https://youtu.be/Hr5oafrLukQ |
| Epiosde 1 | https://youtu.be/pmPw3OxJRUo |
| Epiosde 2 | https://youtu.be/H8a_QjZu6Co |
| Epiosde 3 | https://youtu.be/j_Bhtr0tiXs |
| Epiosde 4 | https://youtu.be/WVWZZZJIG2E |

ഇക്കാര്യത്തിൽ ഉപേക്ഷ വിചാരിക്കരുതേ. എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

## ലോഗോസ് ക്വിസ് 2020

1. **വിഷയം :** നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, വി. മർക്കോസ് 1-8, 1 കോറിന്തോസ് 1-8

**2. തീയതി :** പരീക്ഷ തീയതി official siteൽ കൊടുത്തിരിക്കുന്നതനുസരിച്ച് സെപ്റ്റംബർ 27 ആണ്. തീയതിക്ക് ചിലപ്പോൾ മാറ്റമുണ്ടാകാം. മറ്റ് അറിയിപ്പുകൾ ഒന്നും POC യിൽ നിന്നും ലഭിച്ചിട്ടില്ല.

**3. രജിസ്ട്രേഷൻ :**

Site: logosquiz.org

ജൂലൈ 1 മുതൽ ആഗസ്റ്റ് 15 വരെ, രജി. ഫീസ് Rs-.10/

കഴിഞ്ഞ വർഷത്തെ യൂസർ നെയിം, പാസ് വേർഡ് ഉപയോഗിക്കുക. Username, Password സംശയമുണ്ടെങ്കിൽ ചോദിക്കാൻ മറക്കല്ലേ.

മുൻപ് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളെല്ലാം നീക്കം ചെയ്തിരിക്കുകയാണ്. ഈ വർഷം മുതൽ മത്സരാർത്ഥികളുടെ പേരു വിവരങ്ങൾ പുതുതായി രേഖപ്പെടുത്തേണ്ടതാണ്.

നിങ്ങളുടെ ഇടവകയുടെ Control panel-ൽ Excel Sheet Sample download ചെയ്ത് അതിൻ പ്രകാരം ചെയ്താൽ data entry എളുപ്പമാകും.

Internet സൗകര്യം ഇല്ലാതെ (download, upload ന് വേണം) Excel Sheetൽ ചെയ്തിട്ട് upload ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. നിങ്ങളുടെ Control panel ൽ കയറി Sample Excel Sheet download ചെയ്യുക.
2. അതിൽ പങ്കെടുക്കുന്നവരുടെ details ചേർക്കുക (name, house name, languge, gender, designation, birth year, birth month, birth date, team name).
3. ആദ്യ 25 പേരുടെ Team Name T1 എന്നോ മറ്റേതെങ്കിലും പേരോ കൊടുക്കുക.

4. അടുത്ത 25 പേർക്ക് ( 26-50) T 2 എന്ന് കൊടുക്കുക.

5. Single Excel Sheetൽ എല്ലാവരുടെയും details ചേർക്കാം. Team name ഓരോ 25 പേർക്ക് ശേഷം മാറ്റിക്കൊടുക്കാൻ ശ്രദ്ധിക്കണം.

6. നിങ്ങളുടെ Control Panel ൽ right അറ്റം reupload data click ചെയ്ത് Excel data submit ചെയ്യുക.

7. Old entries delete ആകും. പുതിയത് വരും.

8. പിന്നീട് Excel Sheet ൽ പുതിയ ആൾക്കാരെ ചേർത്ത് -reupload ചെയ്യുകയോ, upload ചെയ്ത details ൽ edit ചെയ്ത് പുതിയ participant നെ ചേർക്കുകയോ ചെയ്യാം.

9. എല്ലാവരെയും enter ചെയ്തിട്ട് ഏറ്റവും അവസാനമേ Finish click ചെയ്യാവൂ. ഇതുവരെയുള്ളത് Save/Submit ചെയ്ത് പോകുക.

10. ഈ പറഞ്ഞ കാര്യങ്ങളുടെ display video ലിങ്ക് https://youtu.be/ga6FWIm-C0HE

11. രജിസ്ട്രേഷൻ സമയത്ത് നല്കുന്ന അതേ പേര്, രജി.നമ്പർ എന്നിവ ഉത്തരക്കടലാസിൽ നിർബന്ധമായും എഴുതേണ്ടതാണ്. എങ്കിലേ മാർക്ക് Siteൽ enter ചെയ്യാൻ സാധിക്കൂ. ഓരോരുത്തരുടെയും മാർക്ക് സൈറ്റിൽ തന്നെ നൽകുന്നതാണ്.

രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾക്ക് 7306208356, 9447776920, 8848492369,9496418093.

## 4. ലോഗോസ് ക്വിസ് കോർഡിനേറ്റർ

ഓരോ ഇടവകയ്ക്കും / സെന്ററിനും ഒരു കോർഡിനേറ്റർ ഉണ്ടായിരിക്കണം. കോർഡിനേറ്റേഴ്സിന്റെ വാട്ട് സാപ്പ് ഗ്രൂപ്പിൽ എല്ലാ വിവരങ്ങളും യഥാസമയം അറിയിക്കുന്നതാണ്. വാട്ട് സാപ്പ് ഗ്രൂപ്പിൽ താഴെപ്പറയുന്ന ലിങ്കുവഴി ജോയിൻ ചെയ്യാവുന്നതാണ്.

https://chat.whatsapp.com/EOJ0arVkutfA71uuF6tzem

## 5. ലോഗോസ് ക്വിസ് പഠനസഹായി

ബൈബിൾ വായിച്ച് ഉത്തരങ്ങൾ കണ്ടെത്തി പഠിക്കാനുതകുന്ന രീതിയിലുള്ള മാതൃകാ ചോദ്യങ്ങളടങ്ങിയ പഠനസഹായി ലഭ്യമാണ്. ലോഗോസ് ക്വിസ് 2019 -ലെ അതിരൂപതാ മത്സരവിജയികളാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. 10 ൽ കൂടുതൽ കോപ്പികൾ വാങ്ങിയാൽ കമ്മീഷൻ നൽകുന്നതാണ്. പുസ്തകങ്ങൾ സെന്റ് ജോസഫ് പ്രസിലും, കുടുംബക്കൂട്ടായ്മാ ഓഫീസിലും ലഭ്യമാണ്. ആവശ്യമുള്ളവർക്ക് തപാൽ മുഖേനയും അയച്ചുതരുന്നതാണ്.

## 6. ലോഗോസ് ഓൺലൈൻ മാതൃകാ ക്വിസ്

ലോഗോസ് ക്വിസ് മത്സരാർത്ഥികളുടെ പരിശീലനം ലക്ഷ്യം വച്ചുള്ള ഓൺലൈൻ ക്വിസ് ആഗസ്റ്റ് 14 രാത്രി 8.15 ന് നടത്തുന്നതാണ്. കൂടുതൽപേർ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. കുട്ടികളെ പങ്കെടുപ്പിക്കാൻ സൺഡേ സ്കൂൾ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കണമെ.

പ്രിയ കുടുംബ പ്രേഷിതരേ,

കോവിഡ് വ്യാപനത്തിന്റെ ഏറ്റവും രൂക്ഷമായ സമയമാണല്ലോ ഇത്. ദൈവത്തിൽ കൂടുതൽ ആശ്രയിക്കാൻ നമ്മുക്ക് ആവണം. ബൈബിളിന്റെ ചരിത്രം നമ്മെ ഉദ്ബോധിപ്പിക്കുന്നത് മഹാമാരികളിൽ നിന്നും വ്യാധികളിൽ നിന്നും വിടുതൽ ലഭിക്കുന്നത് ദൈവാശ്രയബോധം വർദ്ധിച്ചപ്പോഴാണ്. നമ്മുക്കും പരിപാലകനായ ദൈവത്തെ ആശ്രയിക്കുകയും കൂടുതൽ തീക്ഷണതയോടെ പ്രാർത്ഥിക്കുകയും ചെയ്യാം. ഒപ്പം സർക്കാരിന്റെയും ആരോഗ്യ പ്രവർത്തകരുടെയും നിർദ്ദേശങ്ങൾ പാലിക്കാം. എല്ലാവർഷവും സംഘടനയുടെ കലാ മത്സരങ്ങൾക്കുള്ള ഒരുക്കത്തിന്റെ കാലഘട്ടമായിരുന്നു ആഗസ്റ്റ് മാസം. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ പരസ്പരം കാണാൻ പോലും സാധിക്കാത്ത അവസ്ഥയാണല്ലോ. എല്ലാ തടസ്സങ്ങളെയും അതിജീവിക്കാൻ നമ്മുക്കു സാധിക്കും. പ്രതീക്ഷയോടെ നമ്മുക്കും മുന്നേറാം. ലിറ്റർജിക്കൽ ക്വിസ് മത്സരത്തിലും മറ്റു പ്രോഗ്രാമുകളിലും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഞങ്ങളുടെ കൂടെ ശുശ്രൂഷ ചെയ്ത ബഹു. മാത്യു അഞ്ചിലച്ചനെ നന്ദിയോടെ ഓർക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു. പരസ്പരം പ്രാർത്ഥിച്ച് നമ്മുക്ക് ശക്തിപ്രാപിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

**1.** അതിരൂപത – ഫൊറോന മാർഗ്ഗരേഖയ്ക്ക് വിധേയമായി ജൂലൈ മാസം പ്രവർത്തനങ്ങൾ നടന്നു. ലോക പിതൃദിനത്തിൽ ആരംഭിച്ച 10 ദിവസ പ്രോഗ്രാം ഉൾപ്പെടുത്തി ജൂൺ മാസ പ്രവർത്തന റിപ്പോർട്ടുകൾ ആലപ്പുഴ, നെടുംകുന്നം, തൃക്കൊടിത്താനം, കോട്ടയം, തിരുവനന്തപുരം, കൊല്ലം – ആയൂർ, ചങ്ങനാശ്ശേരി, കുറുമ്പനാടം, തുരുത്തി ഫൊറോനകൾ വീഡിയോ ആൽബം ആയി ചിത്രീകരിച്ച് നൽകിയത് അതിരൂപത വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി കാണാവുന്നതാണ്.

### 2. ലിറ്റർജിക്കൽ ക്വിസ് എൽറോയി – 2020

ഒന്നാം ഘട്ട മത്സരങ്ങൾ ജൂലൈ അഞ്ചാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു. 1000 ലധികം കുടുംബങ്ങൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തു. നിശ്ചിത യോഗ്യത നേടിയവരുടെ ലിസ്റ്റും ആദ്യഘട്ട സമ്മാനാർഹരുടെ പേരുകളും ഇതിനകം വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രണ്ടാംഘട്ട മത്സരത്തിനു മുൻപ് ഓരോ ഫൊറോനകൾക്കും വന്നിട്ടുള്ള കുറവുകൾ പരിഹരിച്ച് ഫൊറോനയിലെ എല്ലാ യൂണിറ്റുകളുടെയും പങ്കാളിത്തം ഉറപ്പാക്കുക എന്നത് പ്രധാനമാണ്. രണ്ടാം ഘട്ട മത്സരത്തിൽ ഒന്നാം ഘട്ടത്തിൽ മത്സരിച്ചവർക്കും പുതിയതായി മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുടുംബങ്ങൾക്കും പങ്കെടുക്കാം. മുൻകൂട്ടി രജിസ്ട്രേഷൻ ഒന്നും തന്നെയില്ല. കൂടുതൽ വിവരങ്ങൾക്ക് Mob : 9447020723 ൽ ബന്ധപ്പെടുക.

**3.** ജൂലൈ മാസത്തിൽ ഓരോ ഫൊറോനയിൽ നടന്ന കാര്യങ്ങൾ (യൂണിറ്റുകൾ ഉൾപ്പെടെ) whatsapp-ലൂടെ ടെക്സ്റ്റ് മെസ്സേജായോ, വോയിസ് മെസ്സേജായോ, വീഡിയോ ആൽബമായോ റിപ്പോർട്ട് അതിരൂപതയ്ക്ക് നൽകാവുന്നതാണ്.

**4.** വിശ്വാസ പരിശീലനത്തിന്റെ ഭാഗമായി തിരുബാല സഖ്യത്തിലെ കുട്ടികൾക്കായി തയ്യാറാക്കുന്ന Kids cat പ്രോഗ്രാം എല്ലാ യൂണിറ്റുകളിലും എത്തിക്കാനും അത് കുടുംബങ്ങളിൽ കുട്ടികൾ കാണാനും കേൾക്കാനും യൂണിറ്റ് ഭാരവാഹികൾ അവസരം ഒരുക്കണം. തിരുബാല സഖ്യ പ്രവർത്തനങ്ങൾ മാതൃ - പിതൃവേദി സംഘടനയുടെ ഉത്തരവാദിത്വമാണ് എന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

## ഹൃദ്യമായ നന്ദി...

ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ അസി. ഡയറക്ടർ തെക്കൻ മേഖല സ്പെഷ്യൽ കോ ഓർഡിനേറ്റർ തിരുവനന്തപുരം ഫൊറോനാ ഡയറക്ടർ എന്നീ നിലകളിൽ സ്തുത്യർഹ സേവനത്തിനു ശേഷം പുതിയ ശുശ്രൂഷാ മേഖലയിലേയ്ക്ക് യാത്രയാകുന്ന ബഹു. മാത്യു അഞ്ചിലച്ചന് നന്ദി. അതുപോലെ തന്നെ വിവിധ ഫൊറോനാകളിൽ മാതൃ - പിതൃവേദി ഫൊറോനാ ഡയറക്ടർമാരായി ആത്മാർത്ഥതയോടും തീക്ഷ്ണതയോടും കൂടി ശുശ്രൂഷ ചെയ്ത ഫാ. ആന്റണി കാട്ടുപ്പാറ (കോട്ടയം), ഫാ. റോബിൻ വെങ്ങാശ്ശേരി (കുടമാളൂർ), ഫാ. സ്കറിയ ചൂരപ്പുഴ (അതിരമ്പുഴ), ഫാ. ആന്റോ മുട്ടം (മണിമല), ഫാ. ജോസഫ് ചൂളപ്പറമ്പിൽ (അമ്പൂരി), ഫാ. ലിജോ പ്ലാത്താനം (കുറുമ്പനാടം), ഫാ, സെബാസ്റ്റ്യൻ വെള്ളാമത്തറ (ചമ്പക്കുളം) എന്നിവർക്ക് മാതൃ - പിതൃവേദി അതിരൂപത സമിതിയുടെ നന്ദിയും കടപ്പാടും പുതിയ അജപാലന മേഖലകളിൽ ദൈവാനുഗ്രഹവും നേരുന്നു.


## ONLINE PRE MARRIAGE COURSE

FAMILY APOSTOLATE · CHANGE THE WORLD FROM YOUR HOME · ARCHDIOCESE OF CHANGANASSERY

**ആഗസ്റ്റ്**

7, 8, 9 (Booking Date: Aug. 1)

14, 15, 16 (Booking Date: Aug. 10)

24,25,26 (Booking Date: Aug. 17)

**For Booking:**

www. familyapostolatechry.com

Mob: 9447030814, 9447016240

## 1. DILIGENCE

2020 പ്രവർത്തനവർഷത്തിൽ യൂണിറ്റ് ഭാരവാഹികൾക്കായുള്ള ഓൺലൈൻ നേതൃത്വ സംഗമം 2020 ജൂൺ 21 ന് നടത്തപ്പെട്ടു.

## 2. യൂത്ത് ട്രെയിനിങ് പ്രോഗ്രാം (Y. T. P)

Y.T.P 2020 വർഷത്തെ ബാച്ചിന്റെ മൂന്ന് ക്ലാസ്സുകൾ കൂടി ഈ കാലയളവിൽ നടത്തപ്പെട്ടു. യുവജനങ്ങളും ധാർമ്മിക മൂല്യങ്ങളും എന്ന വിഷയത്തിൽ മാർ തോമസ് തറയിലും, എക്യുമെനിസം എന്ന വിഷയത്തിൽ റവ. ഡോ. ജോബി കറുകപ്പറമ്പിലും, യാമപ്രാർത്ഥനകൾ എന്ന വിഷയത്തിൽ റവ. ഡോ. വർഗീസ് താനമ്മാവുങ്കലും ക്ലാസ്സുകൾ നയിച്ചു.

## 3. സീറോ മലബാർ സഭാതല ക്വിസ്സ് മത്സരം

സഭാ ദിനത്തോട് അനുബന്ധിച്ച് 2020 ജൂലൈ 3 ന് ആഗോള സീറോ മലബാർ സഭാ ക്വിസ്സ് മത്സരം സംഘടിപ്പിക്കപ്പെട്ടു. സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളിലെയും വിശ്വാസികൾക്കായി ഓൺലൈനായി നടത്തപ്പെട്ട ഈ ക്വിസ്സിൽ ആയിരത്തോളം വിശ്വാസികൾ പങ്കെടുത്തു.

## 4. സ്നേഹസമ്മാനം

അതിരൂപതയിലെ യുവജനങ്ങൾ 100 രൂപ ചലഞ്ച് വഴി സമാഹരിച്ച തുക ഉപയോഗിച്ച് അതിരൂപതയിലെ അർഹരായ 25 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനാവശ്യത്തിനായി ടെലിവിഷൻ വാങ്ങി നൽകി. പ്രസ്തുത കർമ്മപരിപാടിയുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു.

## 5. SPECTRA 2020

അതിരൂപതാതല യുവജനദിനാഘോഷം ജൂലൈ 12 ന് ഓൺലൈനായി നടത്തപ്പെട്ടു. പ്രസിഡന്റ് ഷിജോ മാത്യു അധ്യക്ഷത വഹിച്ച യോഗം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി യുവജന കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ. അനുഗ്രഹ പ്രഭാഷണവും, മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണവും നടത്തി. പ്രസ്തുത യോഗത്തിൽ അതിരൂപതാതല മൊബൈൽ ആപ്ലിക്കേഷൻ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പ്രകാശനം ചെയ്തു. അതിരൂപതാതല ഓൺലൈൻ മാസിക 'യൂത്ത് ട്യൂബ്' ന്റെ പ്രകാശനം റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ. നിർവ്വഹിച്ചു.

## 6. കരുതലിന് ഒരു കരുത്ത്

ഈ വർഷത്തെ യുവജനദിനാചാരണത്തോട് അനുബന്ധിച്ച് കോവിഡ് കാലത്ത് മനുഷ്യ നന്മയ്ക്കായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളെ ആദരിക്കുകയും അവർക്ക് കോവിഡ് കെയർ കിറ്റ് വിതരണം ചെയ്യുകയും

ചെയ്തു. യൂണിറ്റ് തലത്തിൽ ഇടവകകളുടെ പരിസര പ്രദേശത്തുള്ള ഓട്ടോ ടാക്സി തൊഴിലാളികൾക്കും, ഫൊറോന സമിതികൾ ഫൊറോനയുടെ അടുത്ത പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കും കോവിഡ് കെയർ കിറ്റ് വിതരണം ചെയ്തു. അതിരൂപത സമിതി കോവിഡ് കെയർ കിറ്റും സാനിറ്റയ്സെർ ഡിസ്പെൻസറും ചങ്ങനാശേരി ഡി.വൈ.എസ്.പി. ഓഫീസിലും, സർക്കിൾ ഓഫീസിലും നൽകി. അതിരൂപതാതല ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു.

## 7. FOCUS 2020

ചങ്ങനാശ്ശേരി അതിരൂപതയിലെ യുവജനങ്ങൾക്ക് വിദ്യാഭ്യാസ മേഖലകളെപ്പറ്റിയും പൊതുമേഖലാ തൊഴിൽ സാധ്യതകളെപ്പറ്റിയും അവബോധം നൽകാൻ ഓൺലൈൻ കരിയർ ഗൈഡൻസ് പ്രോഗ്രാം നടത്തപ്പെട്ടു.

## 8. VISION 2020

അതിരൂപതയിലെ മുഴുവൻ യുവജനങ്ങളുടെയും വിവരശേഖരണത്തിനായി യുവജന സർവ്വേ ജൂലൈ 15 ന് ആരംഭിച്ചു.

## പ്രതിഷേധ സമരം. 26/06/2020

പെട്രോൾ, ഡീസൽ വിലവർദ്ധനത്തിൽ പ്രതിഷേധിച്ച് കത്തോലിക്കാ കോൺഗ്രസ്സ് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസു മുമ്പിൽ പ്രതിഷേധ സമരം നടത്തി. സമരം അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ഗ്ലോബൽ വർക്കിംഗ് കമ്മറ്റി അംഗം അഡ്വ. പിപി ജോസഫ്, ജോയി പാറപ്പുറം, ഷെയ്ൻ ജോസഫ്, സോളമൻ ഷാജി, ചെറിയാൻ പാലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

2020 ജൂലൈ 10-ാം തീയതി കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ എക്സിക്യൂട്ടിവിന്റെയും ഫൊറോനാ പ്രസിഡന്റുമാരുടേയും സംയുക്ത യോഗം ZOOM CONFERENCE ൽ നടന്നു. അതിരൂപതാ മഹായോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചും എല്ലാ മേഖലകളിലും ചർച്ച നടത്തുവാൻ തീരുമാനിച്ചു. എല്ലാ ഫൊറോനകളിലും ZOOM MEETING നടത്തുവാൻ യോഗം ഫൊറോനാ സമിതിയോട് നിർദേശിച്ചു. ഇന്ത്യൻ ദേശിയതയും പൗരത്വവും, കേന്ദ്രസർക്കാരിന്റെ പ്രവർത്തനത്തിനെതിരേ, പ്രതികരിക്കുവാൻ യോഗം തീരുമാനിച്ചു. എല്ലാ വിഷയങ്ങളിലും കൃത്യമായ പ്രതികരണം ഔദ്യോഗിക ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യണമെന്ന് യോഗം നിർദേശിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ നടപടിയിൽ പ്രതിഷേധിച്ച് എല്ലാ വിഭാഗത്തിലുമുള്ള ഭാരവാഹികളെ ചേർത്ത് WEBINAR നടത്തുവാൻ യോഗം തീരുമാനിച്ചു.

## ജപമാലയർപ്പണം 18/7/2020

തുർക്കിയിലെ ക്രൈസ്തവ ജനതയുടെ ആത്മ നൊമ്പരങ്ങൾക്കൊപ്പം ചേർന്ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതി 2020 ജൂലൈ 18 ന് ജപമാലയർപ്പണം നടത്തി. മരിയൻ തീർത്ഥാടന കേന്ദ്രമായ ചങ്ങനാശേരി പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ നടത്തിയ ചടങ്ങുകൾക്ക് കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ, പ്രസിഡന്റ് വർഗീസ് ആന്റണി, ജനറൽ സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ ഭാരവാഹികളായ ശ്രീ. ജോർജുകുട്ടി മുക്കത്ത്, ഷീനാ ജോജി എന്നിവർ നേതൃത്വം നല്കി.

## കർമ്മ സേനാ രൂപികരിച്ചു.

കോവിഡ് 19 ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി അതിരൂപതകത്തോലിക്കാ കോൺഗ്രസ് കർമ്മസേനാ രൂപികരിച്ചു. ഈ കർമ്മസേന അതിരൂപതയുടെ വിവിധ സംഘടനകളുടെ കർമ്മസേനയുമായി ചേർന്ന് അതിരൂപതാ തലത്തിൽ ഒന്നായി പ്രവർത്തിക്കും.

| | | |
|---|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** | **രാജേഷ് ജോൺ എൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കോവിഡ് –19 മഹാമാരിയുടെ താണ്ഡവം തുടരുകയാണ്. 'സാമൂഹ്യവ്യാപനം' പോലും സംശയിക്കത്തക്കരീതിയിൽ കേരളത്തിലെ സ്ഥിതിഗതികൾ വഷളായിരിക്കുകയാണ്. വ്യക്തികൾ വളരെ ലളിതമായ കാര്യങ്ങളിൽ ശ്രദ്ധിച്ചാൽ മഹാദുരന്തം ഒഴിവാക്കാനാകും –സാമൂഹിക അകലം പാലിക്കുക, വായും മൂക്കും മൂടത്തക്കവിധത്തിൽ മാസ്ക് ധരിക്കുക, കൈകൾ സോപ്പ്/സാനിറ്റൈസർ ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക. ഓരോ വ്യക്തിയും സാമൂഹിക ഉത്തരവാദിത്വത്തോടെ വർത്തിച്ചേമതിയാകൂ. ഈ അവബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ നമുക്ക് കടമയുണ്ട്. സംഘങ്ങളും യൂണിറ്റുകളും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. പോസ്റ്ററുകളും ബ്രോഷറുകളും വിതരണം നടത്തിയും സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ചും പരമാവധി ഈ സന്ദേശം സമൂഹത്തിലും വ്യക്തികളിലും എത്തിക്കാൻ ശ്രമിക്കണം. കോവിഡ് അതിജീവനത്തിനായി ഏറ്റവും പ്രധാനമായി നമ്മൾ വിഭാവനം ചെയ്ത് നടപ്പാക്കുന്ന പദ്ധതിയാണ് 'ഹരിതസമൃദ്ധി 2020–22'. ഭാവിയിലുണ്ടാകാൻ ഇടയുള്ള ഭക്ഷ്യക്ഷാമത്തെ നേരിടാനും പകർച്ചവ്യാധികളെ പ്രതിരോധിക്കാനും സമൂഹത്തെ പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിവിഭാവനം ചെയ്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടു തയാറാക്കിയ ബ്രോഷർ എല്ലാ സ്വാശ്രയസംഘങ്ങളിലും ഫാർമേഴ്സ് ക്ലബുകളിലും എത്തിക്കുകയും പദ്ധതിയിലെ ഓരോ ഘടകവും യൂണിറ്റിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്താൻ സംഘങ്ങളെയും വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സഹകരണത്തിന് നന്ദിയർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. ചാസ് ഭവനനിർമ്മാണ പദ്ധതി 2020 ജൂലൈ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| ചമ്പക്കുളം | 1 | 2 | 75,000 |
| കൈനടി | 2 | 2 | 40,000 |
| ചീപ്പുങ്കൽ | 1 | 2 | 10,000 |
| നസ്രത്ത് | 1 | 3 | 25,000 |
| പെരുംകാവ് | 1 | 3 | 6,000 |

| | | | |
|---|---|---|---|
| വേഴപ്രാ | 1 | 1 | 25,000 |
| കാവാലം സെന്റ് ജോസഫ്സ് | 1 | 2 | 1,00,000 |
| പുഴവാത് | 1 | 2 | 75,000 |
| കുമരകം | 1 | 4 | 25,000 |
| വെളിയനാട് | 1 | 3 | 5,000 |
| ആകെ | 11 | | 38,6000 |

**2. കരുതൽ-കേവിഡ് കാലഘട്ടത്തിൽ കാൻസർ-വൃക്ക രോഗികൾക്കുള്ള ചികിത്സാസഹായപദ്ധതി.**

| *യൂണിറ്റ്* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| കുടമാളൂർ | 10 | 20000 |
| കിളിരൂർ | 3 | 6000 |
| ആർപ്പൂക്കര | 6 | 12000 |
| മുടിയൂർക്കര | 8 | 16000 |
| വില്ലൂന്നി | 3 | 6000 |
| കുമാരനല്ലൂർ | 2 | 4000 |
| പങ്ങട | 1 | 2000 |
| ചേപ്പുംപാറ | 8 | 16000 |
| വടവാതൂർ | 2 | 4000 |
| അയർക്കുന്നം | 16 | 32000 |
| കൂരോപ്പട | 3 | 6000 |
| കടയനിക്കാട് | 2 | 4000 |
| കരിമ്പനക്കുളം | 9 | 18000 |
| വള്ളംചിറ | 6 | 12000 |
| കുളത്തൂർ | 3 | 6000 |
| മണിമല ഓൾഡ് | 2 | 4000 |
| വെട്ടിമുകൾ | 6 | 12000 |
| ആറുമാനൂർ | 11 | 22000 |
| നാൽപ്പാത്തിമല | 4 | 8000 |
| കോട്ടയ്ക്കപ്പുറം | 7 | 14000 |
| മണ്ണാർകുന്ന് | 11 | 22000 |
| തെള്ളകം | 1 | 2000 |
| അതിരമ്പുഴലിസ്യൂ | 2 | 4000 |
| കട്ടച്ചിറ | 2 | 4000 |
| പുന്നത്തുറ | 5 | 10000 |
| മാന്നാനം | 4 | 8000 |
| ഏറ്റുമാനൂർ | 9 | 18000 |
| അതിരമ്പുഴ | 10 | 20000 |
| **ആകെ** | **156** | **3,12,000** |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ജൂലൈ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

## (1)SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 465. സരോജം തങ്കപ്പൻ | ജ്യോതിസ് | മായം | അമ്പൂരി |
| 467. വിക്രമൻ ബോബൻവിലാസം | രാജഗിരി | രാജഗിരി | അമ്പൂരി |

## (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

• **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 381. ഔസേഫ് ഫിലപ്പ് | പാദുവാപുരം | ആലപ്പുഴ |
| 382. ദേവസ്യാ മുണ്ടുവേലിമുകളേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 383. ഏലിയാമ്മ വർക്കി പ്ലാത്തറ | ആര്യങ്കാവ് | കൊല്ലം |
| 384. ഓമനയമ്മ നാരായണവിലാസം | ആര്യങ്കാവ് | കൊല്ലം |
| 385. അന്നമ്മ കെ. കാട്ടിപറമ്പിൽ | മുഹമ്മ | ആലപ്പുഴ |
| 386. ജോർജ്ജ് ജോസഫ് ഇലവുംമൂട്ടിൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 387. മേരി മാത്യു തുറശ്ശേരി | തത്തംപള്ളി | ആലപ്പുഴ |
| 388. ജിനുമോൻ, കൊച്ചുപറമ്പ് | വെളിയനാട് | ചമ്പക്കുളം |
| 389. സി.ജെ. വർഗ്ഗീസ് ചിറയിൽ | അമ്പൂരി | അമ്പൂരി |
| 390. സരോജം തടത്തരികത്ത് | മായം | അമ്പൂരി |
| 391. മിനിമോൾ സണ്ണിച്ചൻ | ചേന്നംകരി | ചമ്പക്കുളം |
| 392. സരോജനിയമ്മ പി.കെ. പ്രകാശ് ഭവൻ | ചമ്പക്കര | നെടുംകുന്നം |
| 393. പൊന്നമ്മ സി.കെ. ശ്രീപദം | ചമ്പക്കര | നെടുംകുന്നം |
| 394. ത്രേസ്യാമ്മ ജോസഫ്, പനയ്ക്കച്ചിറ | മാന്നില | കുറുമ്പനാടം |
| 395. എൽസമ്മ പാപ്പച്ചൻ നാലുപറ | കിഴക്കേ മിത്രക്കരി | എടത്വ |
| 396. അന്നമ്മ ജോയി കുന്നേൽ | മരിയാപുരം | എടത്വാ |
| 397. തോമസ് വർഗ്ഗീസ് ചേപ്പാംനിക്കൽ | വള്ളംചിറ | മണിമല |

• **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 191. ബാബു ആന്റണി വീയപുരം | നാലുകോടി | തൃക്കൊടിത്താനം |
| 192. റോസമ്മ റെജി ചിറ്ററയ്ക്കൽ | നാലുകോടി | തൃക്കൊടിത്താനം |
| 193. കുഞ്ഞുമോൾ ജേക്കബ് മുട്ടത്തേട്ട് | നാലുകോടി | തൃക്കൊടിത്താനം |
| 194. സിബിച്ചൻ തോമസ് വേഷ്ണാൽ | നാലുകോടി | തൃക്കൊടിത്താനം |
| 195. കുഞ്ഞമ്മ മാത്യു പുതുപ്പറമ്പ് | നാലുകോടി | തൃക്കൊടിത്താനം |
| 196. അന്നമ്മ ജോസഫ് പുതുക്കുളം | നാലുകോടി | തൃക്കൊടിത്താനം |
| 197. മറിയക്കുട്ടി തോമസ് വലിയപറമ്പിൽ | നാലുകോടി | തൃക്കൊടിത്താനം |
| 198. റോസമ്മ ജോസഫ് അഴിമുഖം | നാലുകോടി | തൃക്കൊടിത്താനം |

| | | |
|---|---|---|
| 199. തങ്കമ്മ തോമസ് കണ്ണംതറ | നാലുകോടി | തൃക്കൊടിത്താനം |
| 200. വിജയമ്മ രാജു എസ്.വി. വില്ല | നാലുകോടി | തൃക്കൊടിത്താനം |
| 201. ജെസമ്മ ബനഡിക്ട പാട്ടത്തിൽ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 202. ലില്ലിക്കുട്ടി ജോസഫ് പത്തിൽചിറ | വടക്കേഅമിച്ചകരി | ചമ്പക്കുളം |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും 2020 ജൂലൈ മാസം 50,000/- രൂപയുടെ ചികിത്സാസഹായം അനുവദിച്ചു.

## കേന്ദ്ര വാർത്തകൾ

### CEI, CHASS - Covid ബോധവത്ക്കരണം

കോവിഡിനൊപ്പം ജീവിക്കുക എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ചാസ് പ്രാദേശിക യൂണിറ്റ് നേതൃനിരയ്ക്ക് ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം (ToT) സംഘടിപ്പിച്ചുവരുന്നു. ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന ഈ പ്രോഗ്രാമിൽ കോവിഡ് കാലത്ത് ജീവിതം എങ്ങനെ സജീവമാക്കാൻ നാം ശ്രദ്ധിക്കേണ്ടകാര്യങ്ങൾ, ഭാവി പ്രവർത്തനങ്ങളുടെ രൂപരേഖ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നു. തുടക്കത്തിൽ പ്രാദേശിക യൂണിറ്റ് ഭാരവാഹികൾക്ക് മേഖലാതലത്തിൽ ToT സംഘടിപ്പിച്ച് അവരിലൂടെ താഴേതട്ടിലേയ്ക്ക് ആശയം എത്തിക്കുക എന്നതാണ് ഈ പരിശീലനപരിപാടിയുടെ ലക്ഷ്യം. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ നേതൃത്വം നൽകിവരുന്നു.

| *തീയതി* | *ToT സംഘടിപ്പിച്ച യൂണിറ്റുകൾ* |
|---|---|
| 29.06.2020 | തത്തംപള്ളി |
| 30.6.2020 | പുളിംകുന്ന് |
| 02.07.2020 | കുറിച്ചി |
| 04.07.2020 | കൂരോപ്പട |
| 06.07.2020 | തൃക്കൊടിത്താനം |
| 07.07.2020 | മുട്ടാർ ഓൾഡ് |
| 09.07.2020 | അതിരമ്പുഴ |
| 13.07.2020 | മാന്നില |
| 16.07.2020 | കൂത്രപ്പള്ളി |
| 17.07.2020 | മണിമല |

### മേഖലാ PME

യൂണിറ്റ് ഭാരവാഹികളുടെ സജീവസാന്നിദ്ധ്യവും സഹകരണവും ഉറപ്പാക്കൽ, യൂണിറ്റ് ഇലക്ഷൻ നടത്തുന്നതിനായി ആവശ്യമായ ക്രമീകരണങ്ങൾ, കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച ചാസ് 'ഹരിതസമൃദ്ധി' പദ്ധതി, മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം, ലോക്കൽ ട്രസ്റ്റ് എന്നിവയെക്കുറിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ മാർഗ്ഗനിർദ്ദേശം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
| --- | --- | --- |
| 29.06.2020 | ആലപ്പുഴ | തത്തംപള്ളി |
| 30.6.2020 | പുളിംകുന്ന് | പുളിംകുന്ന് |
| 02.07.2020 | തുരുത്തി | കുറിച്ചി |
| 04.07.2020 | കോട്ടയം | കൂരോപ്പട |
| 06.07.2020 | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 07.07.2020 | എടത്വാ | മുട്ടാർ ഓൾഡ് |
| 09.07.2020 | അതിരമ്പുഴ | അതിരമ്പുഴ |
| 13.07.2020 | കുറുമ്പനാടം | മാന്നില |
| 16.07.2020 | നെടുംകുന്നം | കൂത്രപ്പള്ളി |
| 17.07.2020 | മണിമല | മണിമല |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
| --- | --- | --- | --- |
| 08.07.2020 | വേഴപ്രാ | ശ്രേയസ് | 19 |
| 08.07.2020 | കൊണ്ടാക്കൽ | സൗഹൃദം | 16 |
| 08.07.2020 | നാലുകോടി | അനുഗ്രഹ | 20 |
| 17.07.2020 | മാന്നാനം | മേരിമാതാ | 17 |
| 17.07.2020 | മാന്നാനം | അമല | 12 |
| 17.07.2020 | മാന്നാനം | ജ്യോതിസ് | 15 |
| 17.07.2020 | മാന്നാനം | നന്മ | 20 |
| 17.07.2020 | മാന്നാനം | അനുഗ്രഹ | 20 |

### കർഷകസംഗമവും ഫാർമേഴ്സ് ക്ലബ് ഉദ്ഘാടനവും

ഏറ്റുമാനൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർഷകസംഗമവും ഫാർമേഴ്സ്ക്ലബ് ഉദ്ഘാടനവും ജൂലൈ 12 ന് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോം കുന്നുംപുറം അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. ജോസഫ് പനച്ചേൽ സ്വാഗതം ആശംസിച്ചു. ഫാർമേഴ്സ് ക്ലബ് അംഗങ്ങൾക്ക് വൃക്ഷതൈ വിതരണം നടത്തി.

### ഫുഡ്കിറ്റ് വിതരണം

ഈര, കൈനടി യൂണിറ്റുകളിൽ ചാസിന്റെയും ESAF ബാങ്കിന്റെയും ആഭിമുഖ്യത്തിൽ 20 നിർദ്ധന കുടുംബങ്ങൾക്ക് ഫുഡ് കിറ്റ് വിതരണം ചെയ്തു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, ESAF ബാങ്ക് ചങ്ങനാശ്ശേരി, ളായിക്കാട് ബ്രാഞ്ച് മാനേജർമാരായ ശ്രീ. രാകേഷ് പൈ, ശ്രീ. രത്നേഷ് എന്നിവർ നേതൃത്വം നൽകി.

### പച്ചക്കറിതൈ വിതരണം

ഇത്തിത്താനം യൂണിറ്റിന്റെ നേതൃത്വത്തിൽ 'ഹരിതസമൃദ്ധി 2020-22' ന്റെ ഭാഗമായി ജൂലൈ 25 ന് പച്ചക്കറിതൈകളുടെ വിതരണം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. 100 കുടുംബങ്ങൾക്ക് പച്ചക്കറിതൈകൾ വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

ഈശോയിൽ പ്രിയ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർത്ഥനകളും ആശംസകളും. കോവിഡ് 19 എന്ന രോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ നിങ്ങൾ ദുഃഖിതരും ആശങ്കാകുലരുമാണെന്ന് ഞാൻ മനസിലാക്കുന്നു. ചങ്ങനാശ്ശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഗൾഫിലെ എല്ലാ രാജ്യങ്ങളിലും സുശക്തമായ എക്സിക്യൂട്ടീവ് കമ്മിറ്റികളും അംഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രാദേശിക തലത്തിൽ വാട്സാപ്പ് ഗ്രൂപ്പുകളും ആരംഭിച്ചു. ഇസ്രായേൽ, ആഫ്രിക്ക എന്നീ രാജ്യങ്ങളിലും വാട്സപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സജീവ പ്രവർത്തകരെ ഉൾക്കൊള്ളിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റികളും, ഓരോ രാജ്യത്തിലെയും കോർഡിനേറ്റേഴ്സിനെ ഉൾക്കൊള്ളിച്ച് ഗൾഫ് കോർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളിലെല്ലാം അതിരൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഓരോ പ്രതിനിധികളെയും ചേർത്തിട്ടുണ്ട്. അതിരൂപത കാര്യാലയവുമായി നിരന്തരം സമ്പർക്കം പുലർത്തി കാര്യങ്ങൾ കൃത്യതയോടുകൂടി ചെയ്യാൻ ഈ സംവിധാനം പ്രയോജനകരമാണ്.

എല്ലാ മാസത്തിലും ഒരു ദിവസം ഗൾഫ് കോർഡിനേഷൻ കമ്മിറ്റി അംഗങ്ങളുടെ വീഡിയോ കോൺഫെറൻസും മറ്റ് ദിവസങ്ങളിൽ അതാത് രാജ്യങ്ങളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ബഹു. ഡയറക്ടറച്ചനും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളും പ്രതിമാസ മീറ്റിംഗുകൾ നടത്തുന്നു.

വിവിധ ഗൾഫ് നാടുകളിൽ നിന്ന് നാട്ടിൽ പോകാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിച്ച 54 പേർക്ക് പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിലും 40 പേർക്ക് മറ്റ് സംഘടനകളുടെ സഹകരണത്തോടെയും സൗജന്യമായി ഫ്ളൈറ്റ് ടിക്കറ്റ് എടുത്ത് സഹായിക്കാൻ നമുക്ക് സാധിച്ചു എന്നത് അഭിമാനാർഹമാണ്.

മരുന്ന്, ഭക്ഷണം, മറ്റ് നിയമപരവുമായ സഹായങ്ങൾ തുടങ്ങിയ കാര്യങ്ങളിലും നമ്മുടെ അതിരൂപതയിലെ അംഗങ്ങളെ സഹായിക്കാൻ പ്രവാസി അപ്പോസ്തലേറ്റ് പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതാ മഹാ യോഗത്തിന് ഒരുക്കമായി പ്രവാസികൾക്ക് പഠനവിഷയമാക്കാൻ നൽകിയിരിക്കുന്ന, ഫ്രാൻസിസ് മാർപ്പാപ്പയുടെ ശ്ലൈഹികപ്രബോധനമായ 'സ്നേഹത്തിന്റെ ആനന്ദം', വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ അല്മായ പ്രേഷിതത്വം, പൗരസ്ത്യ സഭകൾ എന്നീ ഭാഗങ്ങൾ പഠിക്കാനും, വിചിന്തനം ചെയ്യാനും അതിന്റെ വെളിച്ചത്തിൽ റിപ്പോർട്ട് തയ്യാറാക്കാനും എല്ലാ ഗൾഫ് രാജ്യങ്ങളിലും പ്രത്യേക സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ജൂലൈ 5 ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ 72-ാം

പിറന്നാളിന് എക്സിക്യൂട്ടീവ് അംഗങ്ങളും ഡയറക്ടറച്ചനും പിതാവിന് നേരിട്ട് ആശംസകൾ അറിയിച്ചു.

### ഓൺലൈൻ മത്സരങ്ങൾ

പ്രവാസികൾക്കുവേണ്ടി നടത്തിയ പാട്ടു മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളും പ്രോത്സാഹന സമ്മാനവും യഥാക്രമത്തിൽ Fredrick Jacob, Qatar; Sibi John, Sharjah UAE; Geethu Mallet, Andhrapradesh, India; Sandra Maria Binoy USA & Olivia Merin Joseph, Kuwait എന്നിവർ കരസ്ഥമാക്കി.

സ്കിറ്റ് മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ Josekutty and Family, Kuwait; Sachin & Joseph Bahrain എന്നിവർ കരസ്ഥമാക്കി.

### വിശുദ്ധ കുർബാന

ജൂൺ 26– റവ.ഫാ. ജസ്റ്റിൻ കായംകുളത്തുശേരി, ജൂലൈ 3 – റവ.ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, ജൂലൈ 10 – റവ.ഫാ. ജേക്കബ് ചക്കാത്തറ, ജൂലൈ 17 – റവ.ഫാ. ഫിലിപ്പോസ് കാപ്പിത്തോട്ടം, ജൂലൈ 25, 26 – ചങ്ങനാശേരി ഫൊറോനാ വികാരി പെരിയ ബഹു. റവ.ഫാ. ജോസ് കൊച്ചുപറമ്പിൽ എന്നിവർ പ്രവാസികൾക്കുവേണ്ടി വിശുദ്ധ ബലിയർപ്പിച്ചു (ഇന്ത്യൻ സമയം രാത്രി 9.00 മണിക്ക് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നിന്നും സംപ്രേഷണം ചെയ്തു.

### റംശാ പ്രാർത്ഥന

ഞായറാഴ്ചയ്ക്ക് ഒരുക്കമായിട്ടുള്ള സഭയുടെ ഔദ്യോഗിക പ്രാർത്ഥനയായ റംശാ, ജൂലൈ 11 ശനിയാഴ്ച രാത്രി 9 മണിക്ക് (ഇന്ത്യൻ സമയം) പ്രവാസികൾക്കുവേണ്ടി ആരംഭിച്ചു. എല്ലാ ശനിയാഴ്ചയും ഇതേ സമയം ഓൺലൈനിൽ സംപ്രേഷണം ചെയ്യുന്നതാണ്.

### വീഡിയോ കോൺഫറൻസ്

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ വിവിധ വിദേശരാജ്യങ്ങളിലെ പ്രതിനിധികളുമായി ഡയറക്ടറച്ചൻ നടത്തിയ മീറ്റിംഗുകളും ഫാമിലി മീറ്റിംഗും താഴെ പറയുന്ന ക്രമത്തിൽ നടക്കുകയുണ്ടായി.

ജൂലൈ 10– UAE - 11.45 a.m. ഫാമിലി മീറ്റിംഗ്, 12.45 p.m. പ്രതിനിധി മീറ്റിംഗ്.

ജൂലൈ 10 –സൗദി അറേബ്യ– 3.00 p.m. ഫാമിലി മീറ്റിംഗ്, 4.45 p.m.പ്രതിനിധി മീറ്റിംഗ്.

ജൂലൈ 17 – ബഹറൈൻ – 6.30 p.m. ഫാമിലി മീറ്റിംഗ്, 7.15 p.m. പ്രതിനിധി മീറ്റിംഗ്.

ജൂലൈ 22 – ചങ്ങനാശേരി – 4.00 p.m. പ്രതിനിധി മീറ്റിംഗ് (Web site updation, Avemaria Showroom renovation Report, New Agro project Progress (FPC), Eparchial Meeting എന്നീ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടത്തി).

ജൂലൈ 24 – ഖത്തർ – 1.00 p.m. ഫാമിലി മീറ്റിംഗ്, 2.00 p.m.പ്രതിനിധി മീറ്റിംഗ്.

ജൂലൈ 24 – ജി.സി.സി. (ഗൾഫ് കോർഡിനേഷൻ കമ്മിറ്റി) യുടെ മീറ്റിംഗ് നടന്നു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഈ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഇസ്രായേലിൽ പുതിയ വാട്സ്ആപ്പ് ഗ്രൂപ്പ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

## യൂ ട്യൂബ് ചാനൽ

അനുദിന ബൈബിൾ പാരായണം വചനധ്വനി സംപ്രേക്ഷണം ചെയ്തു വരുന്നു.

## അനുശോചനം

കോവിഡ് ബാധിച്ച് സൗദിയിൽ നിര്യാതനായ ആലപ്പുഴ, വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകാംഗം കൊച്ചുപറമ്പ് (അമ്പത്തഞ്ചിൽ) ജിനുമോന്റെ ഭവനം സന്ദർശിച്ച് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

വിവിധ വിദേശരാജ്യങ്ങളുടെ പ്രവാസി പ്രവർത്തനങ്ങൾക്കുവേണ്ടി പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർ

**Overseas Animators :** ***UAE :*** Abudhabi- Philiph Abraham Kozhimannil; Dubai -Joseph Devasia Ponmankal; Sharjah - K.M. Jose Kalarickal; Ajman - Mathew James Kizhakkeveettil; Fujairah, Ras Al Khaimah, Al Ain - M.J. James Areekuzhy; ***Muscat :*** Mathew Varghese Manimury; ***Qatar :*** Joseph Abraham Thekekara; ***Bahrain :*** Santhosh Tom Mappilasserry; ***Saudi Arabia :*** Dammam & Al Khobar - Tomichen Antony Meppurath; Riyadh - James Jacob Ovelil; Jeddah - P.C Cheriyan Padinjareyil; ***Kuwait :*** City - Thomas Joseph Kuzimannil; Salmiya - Joseph Sebastian Pathil; Abbasiya - Siby JosephVaniapurackal; Ahamadi - P.K. Mathew Manayathusery.

**Gulf Co-ordination Committee Members :** Siby Joseph Vaniapurackal-India; Joseph Devasia Ponmankal-India; Sunil P Antony-Kuwait; Rajesh George Koothrappallil-Kuwait; Jacob Kuncheria-Qatar; Jitto James-Qatar; Sajeev Chackalackal-Al Khobar Saudi; Mathew Nelluveli-Tabuk Saudi; Sibichen Kripalayam-Riyadh Saudi; Martin Murigavana-Oman; Jain Varghese-Oman; Moncy Mathew Uzhathil-Bahrain; Shinoy Pulickal-Bahrain; Jomon Ulprakadu-Dubai UAE; Prince C Cheriyavadayil-Ajman UAE; Jo Kavalam-Sharjah UAE; Bessy P. Varghese-Israel.

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

*NB: അന്വേഷണങ്ങൾക്ക് : 9207470117, E-mail: pravasiapostolate50@gmail.com*

പ്രിയ സഹോദരങ്ങളെ,

ആരാധനാവത്സരത്തിലെ പുതിയൊരു കാലത്തിലേക്ക്-കൈത്താക്കാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. വിളവെടുപ്പിന്റെ സന്തോഷം സഭയിൽ നിറയേണ്ട സമയത്ത് ലോകം മുഴുവനും അപ്രതീക്ഷിതമായ ഒരു ആപത്ഘട്ടത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. സ്വന്തം ശക്തിയിലും ബുദ്ധിയിലും സമ്പത്തിലും ആയുധശക്തിയിലും അഹങ്കരിച്ച മനുഷ്യനു ജീവിതം തന്നെ വെല്ലുവിളിയായി മുൻപിൽ നിൽക്കുന്ന ഭീകരമായ അവസ്ഥ. ആരാധനാലയങ്ങൾ പോലും അടച്ചിട്ടിരിക്കുന്ന സാഹചര്യത്തിൽ ആശ്രയത്തിനായ് എവിടേയ്ക്ക് പോകണമെന്നു അറിയാത്ത വിശ്വാസി സമൂഹം പലയിടങ്ങളിലും ദൈവാലയങ്ങളുടെ ആവശ്യകതയും ദൈവത്തിന്റെ അസ്ഥിത്വം തന്നെയും ചോദ്യം ചെയ്യപ്പെടുകയും വിശ്വാസികളുടെ ഈശ്വരബോധത്തെ നശിപ്പിക്കുന്നതിനുള്ള പ്രചരണങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. ജീവനും വിശ്വാസജീവിതത്തിനും ഒരുപോലെ വെല്ലുവിളിയുയർത്തുകയാണ് ഈ കോവിഡ് കാലം.

ഈ സാഹചര്യത്തിൽ ചരിത്രത്തിലൂടെ സഭ എപ്രകാരം വളർന്നുവന്നു എന്നു പിറകിലേക്ക് ചിന്തിച്ചുനോക്കുമ്പോൾ ഇതിനുള്ള ഉത്തരം നമുക്കു ലഭിക്കുന്നുണ്ട്. കൈത്താക്കാലത്തിൽ സഭയിലെ വിശുദ്ധരെ പ്രത്യേകമായി വണങ്ങുകയും അനുസ്മരിക്കുകയും ചെയ്യുമ്പോൾ അവരുടെ ജീവിതങ്ങളെക്കൂടി നമുക്കു പരിശോധിക്കാം. ചക്രവർത്തിമാരുടെ അതിക്രൂരപീഡനങ്ങൾക്കു മുൻപിലും സധൈര്യം ദൈവവിശ്വാസം ഏറ്റുപറയാൻ സഭയിലെ നിരവധിയായ രക്തസാക്ഷികൾക്കു സാധിച്ചത് അവരിൽ നിറഞ്ഞുനിന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാലും യേശുക്രിസ്തുവിലുള്ള ഉറച്ച വിശ്വാസത്താലുമാണ്. ദാരിദ്ര്യത്തിന്റെയും മരണത്തിന്റെയും രോഗത്തിന്റെയും ക്രൂരമുഖങ്ങളെ നേർക്കുനേർ കാണുമ്പോൾ അപ്പസ്തോലന്മാരെ സഭയ്ക്കുവേണ്ടി ജീവിക്കുവാൻ പ്രേരിപ്പിച്ചത് നമുക്കു വേണ്ടി കുരിശിൽ മരിച്ച യേശുക്രിസ്തുവിന്റെ ശരീരമാണ് സഭ എന്നുള്ള ബോധ്യമാണ്. സമൂഹത്തിന്റെയും കുടുംബത്തിന്റെയും പരിഹാസങ്ങളും വേദനകളും ഏറ്റുവാങ്ങുമ്പോഴും അനുസരണത്തിലും ദാരിദ്ര്യത്തിലും ശുദ്ധതയിലും വിശുദ്ധരെ വളർത്തിയത് ജീവന്റെയും ജീവിതത്തിന്റെയും ഉടയവനായ നാഥനിലുള്ള ആശ്രയമാണ്. ഈ വിശുദ്ധ ജീവിതങ്ങൾ ഇന്നത്തെ സമൂഹത്തിന്റെ വെല്ലുവിളികളിലും വിശ്വാസികൾക്കു മാതൃകയാകുന്നു.

വി. ജോൺ മരിയ വിയാനി പറയുന്നു: 'ഒരുവനെയും ദൈവം വിശുദ്ധനായി സൃഷ്ടിക്കുന്നില്ല. വിശുദ്ധരായവരെല്ലാം സ്വന്തം പരിശ്രമത്താൽ വിശുദ്ധരായി

ത്തീർന്നവരാണ്.'' ദൈവത്തിന്റെ മക്കളും സഭയിലെ അംഗങ്ങളുമെന്ന നിലയിൽ വിശുദ്ധജീവിതം നയിക്കാൻ നമുക്കോരോരുത്തർക്കും വിളിയും കടമയുമുണ്ട്. ഈ കോവിഡ് കാലം നമുക്കു ധാരാളം സമയം നൽകുന്നുണ്ട്. ഓരോ നിമിഷവും ദൈവത്തിനു സമർപ്പിച്ചുകൊണ്ട് അവ ഫലപ്രദമായി വിനിയോഗിക്കാൻ ശ്രമിക്കാം. ഭവനം ദൈവാലയമാക്കി മാറ്റിക്കൊണ്ട് അനുദിന ദിവ്യബലി, കുടുംബപ്രാർത്ഥനകൾ എന്നിവയിലൂടെ നമുക്ക് ആത്മീയമായി വളരാം. സകല വിശുദ്ധരും പരിശുദ്ധ കന്യകാമറിയവും വി. യൗസേപ്പിതാവും പ്രത്യേകമായി വി. ഫ്രാൻസിസ് അസ്സീസിയും നമുക്കു മാതൃകയും സംരക്ഷണവും സഹായവുമാകട്ടെ.

## യാത്രയയപ്പ്

SFO ചങ്ങനാശേരി അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവായി കഴിഞ്ഞ വർഷങ്ങളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് ജൂലൈ മാസം 23-ാം തിയതി കട്ടപ്പന പോർസ്യുങ്കല ആശ്രമത്തിലേക്ക് സ്ഥലംമാറി പോകുന്ന റവ. തോമസ് വെട്ടിക്കാലായിൽ OFM Cap അച്ചനു 19.07.2020 ഞായറാഴ്ച വൈകുന്നേരം 3 മണിക്കു വാഴപ്പള്ളി ഗദ്സമേനി ആശ്രമത്തിൽ വച്ച് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ യാത്രയയപ്പു നടത്തി. അതിരൂപതാ പ്രസിഡന്റ് ശ്രീ. അലക്സ് വലിയപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ശ്രീമതി അന്നമ്മ ഫിലിപ്പ്, സിബിച്ചൻ സ്രാങ്കൻ, ട്രഷറർ ശ്രീ. ആന്റപ്പൻ ഓട്ടോക്കാരൻ, ശ്രീ. സാബു കരിക്കംപ്പള്ളി, ശ്രീ. പി.ടി. തോമസ് പുന്നശ്ശേരി, ശ്രീമതി ഷേർളി ബോബൻ എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. അച്ചന്റെ മറുപടി പ്രസംഗത്തിൽ എല്ലാ സഭാംഗങ്ങളോടുമുള്ള നന്ദിയും പ്രാർത്ഥനകളും അറിയിച്ചു. തുടർന്നും എല്ലാ നന്മകളും സമൃദ്ധമായുണ്ടാവാൻ സർവ്വേശ്വരൻ കൃപയുണ്ടാകുന്നതിനായി നമുക്കും പ്രാർത്ഥിക്കാം.

## സ്വാഗതം

SFO ചങ്ങനാശേരി അതിരൂപതയുടെ പുതിയ ആദ്ധ്യാത്മിക ഉപദേഷ്ടാവായി നിയുക്തനായിരിക്കുന്ന ബഹുമാനപ്പെട്ട മൈക്കിൾ പാറുശ്ശേരി OFM Cap അച്ചനു അതിരൂപതാ കുടുംബത്തിന്റെ സ്നേഹസ്വാഗതം.

## നിര്യാതരായി

നാലുകോടി സെന്റ് തോമസ് ഭ്രാതൃത്വ അംഗം ശ്രീമതി കുഞ്ഞുമോൾ ജോസഫിന്റെ ഭർത്താവ് തോമസ് ജോസഫ് വലിയപറമ്പിൽ, വടക്കേക്കര സെന്റ് മേരീസ് ഭ്രാതൃത്വഅംഗം കുര്യാക്കോസ് പാലാത്രയുടെ മകൻ സെബാസ്റ്റ്യൻ പാലാത്ര, എടത്വാ പച്ച ചെക്കിടിക്കാട് ഭ്രാതൃത്വാംഗം റോസക്കുട്ടി കരിക്കുംപള്ളി, എടത്വാ ചങ്ങങ്കേരി സെന്റ് ജോസഫ് ഭ്രാതൃത്വാംഗം കൊണ്ടകശ്ശേരി വാഴപ്പറമ്പിൽ ജോസഫ് ആന്റണി, ഇരവുചിറ ഭ്രാതൃത്വഅംഗം വാടയിൽ ജോസഫ് ചാക്കോ, എടത്വാ റീജൻ മിനിസ്റ്റർ സാബു കരിക്കംപള്ളിയുടെ സഹോദരി

*ശേഷം പേജ് 68 ൽ.....»*

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



155

# പുരോഹിതൻ: വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ശുശ്രൂഷകൻ

(തിരുവചനഭാഗം: യാക്കോബ് 2,1-26)

യാക്കോബ്ശ്ലീഹായുടെ ലേഖനം രണ്ടാമദ്ധ്യായം മുതൽ വിശ്വാസജീവിതത്തിന്റെ പ്രായോഗികമാനങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്. രണ്ടാമദ്ധ്യായം പ്രത്യേകമായി എടുത്തുകാണിക്കുന്നത് വിശ്വാസജീവിതം അവശ്യം സ്നേഹജീവിതമാണെന്നുള്ളതാണ്. ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.

1. പക്ഷപാതം കാണിക്കാത്ത സ്നേഹം (2,1-4)
2. സ്നേഹത്തിന്റെ രാജകീയനിയമം പാലിക്കുക (2,5-9)
3. നിയമം മുഴുവനായി പാലിക്കുക (2,10-13)
4. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവം (2,14-20)
5. നീതീകരണം വിശ്വാസത്തിലൂടെയും പ്രവൃത്തികളിലൂടെയും (2,21-26)

പുരോഹിതൻ തന്റെ അജപാലനസ്നേഹവും ശുശ്രൂഷയും എപ്രകാരം പ്രായോഗികമാക്കണം എന്നു ചിന്തിക്കുവാൻ ഈ വചനഭാഗം ഉപകരിക്കും.

### 1. പക്ഷപാതം കാണിക്കാത്ത സ്നേഹം

*''എന്റെ സഹോദരരേ മഹത്ത്വപൂർണ്ണനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്''* (2,1).

ഈശോമിശിഹായിലുള്ള വിശ്വാസവും മുഖംനോക്കിയുള്ള വിവേചനാപൂർവമായ പെരുമാറ്റവും ചേർന്നുപോവുകയില്ല എന്ന് യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു. തിരിച്ചുവ്യത്യാസം കാണിക്കാത്ത ദൈവത്തിലാണു നാം വിശ്വസിക്കുന്നത്. ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവിനു പക്ഷപാതമില്ല (മത്താ 5,45). 'ദൈവം പക്ഷപാതം കാട്ടുന്നില്ലെന്നു സത്യമായും ഞാൻ മനസ്സിലാക്കുന്നു' (ശ്ലീഹ 10,34) എന്നു പത്രോസ്ശ്ലീഹായും, 'അവിടുത്തേക്കു മുഖംനോട്ടമില്ല' (റോമാ 2,11) എന്നു പൗലോസ്ശ്ലീഹായും

സാക്ഷിക്കുന്നുണ്ട്. ഈ ദൈവികസവിശേഷത അവിടുത്തെ പുത്രനിൽ വിശ്വസിക്കുന്നവരും അനുവർത്തിക്കണമെന്നാണ് യാക്കോബ്ശ്ലീഹാ ഉപദേശിക്കുന്നത്. അപ്പം മുറിക്കാനായി സമ്മേളിച്ചിരുന്ന സഭാംഗങ്ങളിൽപോലും ഇപ്രകാരമുള്ള തിരിച്ചുവ്യത്യാസമുണ്ടായിരുന്നു എന്നുവേണം ഈ പരാമർശത്തിൽനിന്നു നമ്മൾ അനുമാനിക്കുവാൻ.

ദൈവമക്കളുടെ സമൂഹമായ, കുടുംബമായ, സഭാംഗങ്ങൾക്ക് ഇത് ഒരുവിധത്തിലും അനുയോജ്യമല്ല. അവർ സഹോദരതുല്യം എല്ലാവരെയും ഒരുപോലെ പരിഗണിക്കുന്നവരും സ്നേഹകൂട്ടായ്മയിൽ ജീവിക്കേണ്ടവരുമാണ്. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി സഭ എടുത്തുകാണിക്കുന്നതും സഭാസമൂഹത്തെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. അതുകൊണ്ടു പുരോഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പക്ഷപാതംകൂടാതെ എല്ലാവരെയും സ്നേഹിക്കുകയും, അപ്രകാരം പരസ്പരം സ്നേഹിക്കുവാൻ വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണം.

## 2. ദരിദ്രരോടുള്ള സ്നേഹം

*''എന്റെ പ്രിയ സഹോദരരേ ശ്രവിക്കുവിൻ. തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോകത്തിലെ പാവപ്പെട്ടവരെയല്ലേ? എന്നാൽ, നിങ്ങൾ പാവപ്പെട്ടവനെ അവമാനിച്ചിരിക്കുന്നു. നിങ്ങളെ പീഡിപ്പിക്കുന്നതു സമ്പന്നരല്ലേ? നിങ്ങളെ ന്യായാസനങ്ങളുടെ മുമ്പിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുന്നത് അവരല്ലേ? ... നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന വിശുദ്ധലിഖിതത്തിലെ രാജകീയനിയമം നിങ്ങൾ യഥാർത്ഥത്തിൽ അനുസരിക്കുന്നെങ്കിൽ ഉത്തമമായി പ്രവർത്തിക്കുന്നു''* (2,5-6.8).

പക്ഷപാതം കാണിക്കുന്നവർ ദരിദ്രരെ അവഗണിക്കുന്നു. അത് ഒരിക്കലും പാടില്ല. കാരണം, ദരിദ്രരെയാണ് വിശ്വാസത്തിൽ സമ്പന്നരും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവരാജ്യത്തിന് അവകാശികളുമാകാൻ അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്നത്. ''ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു'' എന്നാണല്ലോ ഈശോ തന്റെ പരസ്യജീവിതാരംഭത്തിൽ പ്രഖ്യാപിച്ചത് (ലൂക്കാ 4,18). അതുപോലെതന്നെ ''അവൻ തന്റെ ശിഷ്യരുടെനേരെ കണ്ണുകളുയർത്തി അരുളിച്ചെയ്തു: ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങളുടേതാണ്'' (ലൂക്കാ 6,20). ഇപ്രകാരം ദൈവം തിരഞ്ഞെടുത്തവരെ അവഗണിക്കുന്നതിനു തുല്യമാണ് പക്ഷപാതം കാണിക്കുന്നത്. പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ ആരോടും പ്രത്യേക പരിഗണന കാണിക്കാതിരിക്കാനുള്ള കല്പനയും അയൽക്കാരനെ സ്നേഹിക്കാനുള്ള കല്പനയും അടുത്തടുത്താണ് നല്കിയിരിക്കുന്നത് (ലേവ്യ 19,15-18)

പരസ്പരസ്നേഹത്തിന്റെ കല്പനയാണല്ലോ സഭാസമൂഹത്തിന്റെ മുഖമുദ്രയായി ഈശോ നല്കിയിരിക്കുന്നത്: ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹി

ച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ 13,34-35). പഴയനിയമത്തിൽ ''അയൽക്കാരനെ സ്നേഹിക്കുക'' എന്നായിരുന്നത് പുതിയനിയമത്തിൽ ''പരസ്പരം സ്നേഹിക്കുക'' എന്നാക്കിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സ്നേഹമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മാത്രമല്ല, ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഈശോ തിരിച്ചു വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരെയും സ്നേഹിച്ചു. അതുപോലെ നമ്മുടെ സ്നേഹവും പക്ഷപാതമില്ലാത്തതായിരിക്കണം എന്നാണ് യാക്കോബ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നത്. ഇപ്രകാരം സ്നേഹിക്കുവാൻ സഭാംഗങ്ങളായ 'ദൈവത്തിന്റെ ദരിദ്രരെ' പരിശീലിപ്പിക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിത ശുശ്രൂഷ. അതുകൊണ്ട് പരിശീലകനായ പുരോഹിതനും ഇപ്രകാരം 'ദൈവത്തിന്റെ ദരിദ്രരായ' ഇടവകജനങ്ങളെ മുഴുവൻ സ്നേഹിക്കുന്നവനാകണം.

## 3. സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന സ്നേഹം

*''സ്വാതന്ത്രത്തിന്റെ നിയമമനുസരിച്ചു വിധിക്കപ്പെടാനുള്ളവരെപ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. കാരുണ്യം കാണിക്കാത്തവന്റെമേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു.''* (2,12-13).

അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തയായിരിക്കണം ക്രൈസ്തവന്റെ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം. അതുകൊണ്ടാണ്, ''സ്വാതന്ത്ര്യത്തിന്റെ നിയമം അനുസരിച്ച് വിധിക്കപ്പെടാനുള്ളവരെപ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ'' എന്ന് യാക്കോബ്ശ്ലീഹാ എഴുതുന്നത്. കാരുണ്യം കാണിക്കുകയാണ് ദൈവത്തിന്റെ കരുണ ലഭിക്കാനുള്ള മാർഗ്ഗം. കാരണം, കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു. അന്ത്യവിധിയുടെ മാനദണ്ഡമായി ഈശോ എടുത്തുകാണിക്കുന്നത് കരുണയുള്ള സ്നേഹമാണല്ലോ. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്'' (മത്താ 25,40). അതുകൊണ്ട് ക്രൈസ്തവന്റെ ജീവിതലക്ഷ്യമായ സ്വർഗ്ഗം അവകാശപ്പെടുത്തുവാനുള്ള ഏകമാർഗ്ഗം കരുണയുള്ള സ്നേഹമാണ്.

ഈ കരുണയുള്ള സ്നേഹത്തെ യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്നാണ്. സ്വാതന്ത്ര്യത്തിന്റെ നിയമത്തെപ്പറ്റി വി. പൗലോസ്ശ്ലീഹാ എടുത്തുപറയുന്നുണ്ട്. പരസ്പരസ്നേഹത്തിന്റെ നിയമത്തെയാണ് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്: ''സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ. എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേ കല്പനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു'' (ഗലാ 5,13-14). ദൈവമക്കൾക്കടുത്ത

സാഹോദര്യത്തിൽ പരസ്പരം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്തീയ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന പരസ്പരസ്നേഹവും ശുശ്രൂഷയും നിർവഹിക്കുന്നവരായിത്തീരുവാൻ പുരോഹിതരായ നാം പരിശ്രമിക്കണം; നമ്മുടെ ശുശ്രൂഷയ്ക്കായി ലഭിക്കുന്ന സഭാമക്കളെ അപ്രകാരം പരസ്പരസ്നേഹശുശ്രൂഷ നിർവഹിക്കുവാൻ പരിശീലിപ്പിക്കുകയും ചെയ്യണം.

## 4. പ്രവൃത്തികളിൽ പ്രായോഗികമാകുന്ന വിശ്വാസം

*''എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്''* (2,14-17).

അനുദിനജീവിതത്തിൽ പ്രതിഫലിക്കാത്ത വിശ്വാസം ജീവനില്ലാത്തതാണ്. ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യമായതു നല്കാതെ എന്തു പുണ്യം പ്രസംഗിച്ചാലും ഫലമൊന്നുമില്ല. വിശ്വാസമുണ്ടെന്നു പറയുകയും അതിനനുസൃതമായ പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ വിശ്വാസം യഥാർത്ഥ വിശ്വാസമല്ല. ശരീരത്തിനു ജീവനെന്നതുപോലെയാണ് വിശ്വാസത്തിനു പ്രവൃത്തി. വിശ്വാസത്തിൽനിന്നുയിർക്കൊള്ളുന്ന പ്രവൃത്തികളാണ് ഒരുവനെ രക്ഷയ്ക്കർഹനാക്കുന്നത് എന്ന യാക്കോബ്ശ്ലീഹാ അബ്രാഹത്തിന്റെയും റാഹാബിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് സ്ഥിരീകരിക്കുന്നു (2,21-25). സ്വഭാവത്തെയും മനോഭാവങ്ങളെയും പ്രവർത്തനരീതികളെയും സ്വാധീനിക്കാത്ത വിശ്വാസം ആ പേരിനുതന്നെ ഉതകുന്നതല്ല. അത്തരത്തിലുള്ള വിശ്വാസം പിശാചുക്കൾക്കുപോലുമുണ്ടെന്ന് യാക്കോബ്ശ്ലീഹാ പറയുന്നു (2,19).

ഇന്ന് സഭാംഗങ്ങളിൽ പലരിലും പ്രവൃത്തികളിൽ പ്രതിഫലിക്കാത്ത വിശ്വാസമാണ് കാണപ്പെടുന്നത്. മതപരമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനില്ക്കുന്ന ഒരു വിശ്വാസമാണ് പലപ്പോഴും കാണപ്പെടുന്നത്. അവയൊക്കെ ചെയ്യുന്നതുതന്നെ ഈ ലോകത്തിലെ ആവശ്യങ്ങൾ സാധിക്കുന്നതിനുള്ള ഉപാധികളായി മാത്രം കണ്ടുകൊണ്ടുമാണ്. സഭ വെറുമൊരു മതമല്ല, പ്രത്യുത പിതാവായ ദൈവത്തിന്റെ മക്കളുടെ ഒരു കുടുംബമാണ് എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു. സ്വർഗ്ഗീയപിതാവിന്റെ മക്കൾക്കടുത്ത പിതൃപുത്രബന്ധത്തിലും സാഹോദര്യത്തിലും നവീകരിക്കപ്പെടുന്നതിനുള്ള ഉപാധികളായി സഭാജീവിതത്തിലുള്ള പരിശുദ്ധ കുർബാനയും കൂദാശകളും പ്രാർത്ഥനകളുമൊക്കെ കാണുവാൻ പലർക്കും കഴിയാതെ പോകുന്നു. അതുകൊണ്ട് ആ വിധത്തിലുള്ള ഒരു വിശ്വാ

സപരിശീലനം നല്കുവാൻ സഭാശുശ്രൂഷകരായ പുരോഹിതർക്കു കഴിയണം. അപ്രകാരം അനുദിനജീവിതത്തിൽ പ്രാവർത്തികമാകുന്ന വിശ്വാസം ജീവിക്കുന്നവരുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാശുശ്രൂഷകർക്കു കഴിയണം. അപ്രകാരം ജീവിക്കുവാൻ സഭാംഗങ്ങൾക്കും കഴിയേണ്ടിരിക്കുന്നു.

## 5. വിശുദ്ധീകരണത്തിനുതകുന്ന വിശ്വാസം

*''നമ്മുടെ പിതാവായ അബ്രാഹം നീതീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിൻമേൽ ബലിയർപ്പിച്ചതു വഴിയല്ലേ? അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവൃത്തികളാൽ പൂർണമാക്കപ്പെട്ടുവെന്നും നിങ്ങൾ അറിയുന്നുവല്ലോ. അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടു എന്ന തിരുവെഴുത്തു നിറവേറി. അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവൃത്തികളാലുമാണു നീതികരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു''* (2,21-24).

അബ്രാഹം നീതീകരിക്കപ്പെട്ടത് അഥവാ വിശുദ്ധീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കാൻ തയ്യാറായ പ്രവൃത്തിവഴിയാണ് (ഉല്പ 22,1-14). ഇപ്രകാരം പ്രവർത്തിക്കാൻ അബ്രാഹത്തെ ശക്തനാക്കിയത് അദ്ദേഹത്തിനു ദൈവത്തിലുണ്ടായിരുന്ന വിശ്വാസമാണ്. തന്നെ തിരഞ്ഞെടുത്തു വിളിച്ച ദൈവം വിശ്വസ്തനാണെന്ന ഉറച്ച ബോധ്യവും, തനിക്കുള്ളതെല്ലാം -ഏകപുത്രൻതന്നെയും- ദൈവത്തിന്റെ ദാനമാണെന്നും, ഇവയുടെമേൽ ദൈവത്തിനാണു പരമാധികാരം എന്നുമുള്ള അംഗീകരിക്കലായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കാതൽ. ദൈവത്തിന്റെ നിർദ്ദേശപ്രകാരം തന്റെ ഏകജാതനെപ്പോലും ദൈവത്തിനു ബലിയർപ്പിക്കാൻ അബ്രാഹം തയ്യാറായി. ഇസഹാക്കിനെ ബലിയർപ്പിക്കാൻ പ്രദർശിപ്പിച്ച സന്നദ്ധതയിൽ പ്രകടമായ അനുസരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ പ്രകാശനമായ പ്രവൃത്തി. ഇപ്രകാരമുള്ള പ്രവൃത്തികളാണ് നമ്മുടെ വിശുദ്ധീകരണത്തിന് ആവശ്യമായിട്ടുള്ളത്.

പൗലോസ്ശ്ലീഹാ തന്റെ ശ്ലൈഹികസ്ഥാനത്തിന്റെയും സുവിശേഷപ്രഘോഷണമാകുന്ന ശ്ലൈഹികദൗത്യത്തിന്റെയും ആത്യന്തികലക്ഷ്യമായി എടുത്തുപറയുന്നത് വിശ്വാസത്തിന്റെ അനുസരണമാണ്: ''അവന്റെ നാമത്തെപ്രതി, വിശ്വാസത്തിന്റെ വിധേയത്വം സകല ജാതികളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ കൃപയും ശ്ലൈഹികസ്ഥാനവും പ്രാപിച്ചിരിക്കുന്നു'' (റോമാ 1,5). ദൈവഹിതത്തിന് അനുസൃതമായ ജീവിതവും പ്രവൃത്തികളുമാണ് വിശ്വാസത്തെ ദൈവത്തിനു സ്വീകാര്യമാക്കുന്നത്. അപ്രകാരമുള്ള ജീവിതം നയിക്കുവാൻ അജഗണങ്ങളെ പ്രാപ്തരാക്കുന്നതാണ് ശരിയായ വിശ്വാസപരിശീലനം. വിശ്വാസപരിശീലകരായ പുരോഹിതർക്ക് അപ്രകാരം വിശ്വാസജീവിതം നയിക്കുവാൻ സാധിക്കണം. ഇടവകജനങ്ങൾക്ക് അപ്രകാരം വിശ്വാസജീവിതം നയിക്കുവാനുള്ള പരിശീലനം നല്കുകയും വേണം.

## ജീവിതസൂചിക

1. പക്ഷപാതം കാണിക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ഇടവകജനങ്ങളെയെല്ലാം ഒരുപോലെ സ്നേഹിക്കുവാനും അപ്രകാരം സ്നേഹിക്കുവാൻ അവരെ പഠിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിന്റെ നിയമമായ സ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. വിശ്വാസത്തിനനുസൃതമായ പ്രവൃത്തികളിൽ പ്രായോഗികമാകുന്ന ഒരു വിശ്വാസമാണോ എന്റേത്?
5. വിശുദ്ധീകരണത്തിനുപകരിക്കുന്ന വിശ്വാസത്തിന്റെ അനുസരണാജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?

---

***ഫ്രാൻസിസ്കൻ അല്മായസഭ തുടർച്ച .....»***


സിസ്റ്റർ മരീസാ SABS, തുരുത്തി മർത്തമറിയ ഭ്രാതൃത്വത്തിന്റെ അംഗമായ ശ്രീ. ജോർജ് വേഴക്കാട്ടിന്റെ ഭാര്യ ക്ലാരമ്മ ചാക്കോ, മാടപ്പള്ളി ഭ്രാതൃത്വാംഗം റെജി പറമ്പത്തിന്റെ മാതാവ് മറിയാമ്മ സെബാസ്റ്റ്യൻ, വാഴപ്പള്ളി ഗദ്സമനി ആശ്രമ ഭ്രാതൃത്വഅംഗം തോമസ് ആന്റണി മഠത്തിപ്പറമ്പിൽ എന്നിവർ നിര്യാതനായി. പരേതരുടെ നിത്യശാന്തിക്കായി നമുക്കും പ്രത്യേകം പ്രാർത്ഥിക്കാം.

സ്നേഹാശംസകളോടെ,

**ബ്ര. അലക്സ് വലിയപറമ്പിൽ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ 2020**

26 വൈകുന്നേരം ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ക്രമീകരിക്കപ്പെട്ട ചങ്ങനാശേരി ഫൊറോനാ വൈദിക കോൺഫറൻസിൽ പങ്കെടുത്തു.

27 ഉച്ചയ്ക്ക്, കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹ വാഗ്ദാനകർമ്മം ആശീർവ്വദിച്ചു. ഉച്ചകഴിഞ്ഞ്, തുരുത്തി സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വച്ചു ക്രമീകരിക്കപ്പെട്ട തുരുത്തി ഫൊറോനാ വൈദിക കോൺഫറൻസിലും, എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട എടത്വാ ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

28 രാവിലെ, മൈനർ സെമിനാരിയിൽ പുതുതായി ചേരുന്ന വൈദികാർത്ഥികളെ അവരുടെ മാതാപിതാക്കളോടൊപ്പം കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽവച്ചു കണ്ടു. ഉച്ചകഴിഞ്ഞ്, മണിമല ഫൊറോനാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട മണിമല ഫൊറോനാ വൈദിക കോൺഫറൻസിലും, നെടുങ്കുന്നം ഫൊറോനാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട നെടുങ്കുന്നം ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

29 രാവിലെ, പാമ്പാടിയിൽ MLF സന്യാസിനിസമൂഹം പുതുതായി പണികഴിപ്പിച്ച മഠം ചാപ്പൽ കൂദാശ ചെയ്തു. തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട അതിരമ്പുഴ ഫൊറോനാ വൈദിക കോൺഫറൻസിലും, കുടമാളൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട കുടമാളൂർ ഫൊറോനാ വൈദിക കോൺഫറൻസിലും, വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട കോട്ടയം ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

30 രാവിലെ കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട കുറുമ്പനാടം ഫൊറോനാ വൈദിക കോൺഫറൻസിലും, ആലപ്പുഴ മാർ സ്ലീവാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട ആലപ്പുഴ ഫൊറോനാ വൈദിക കോൺഫറൻസിലും, തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട ചമ്പക്കുളം ഫൊറോനാ വൈദിക കോൺഫറൻസിലും, മണലാടി സെന്റ് മേരീസ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട പുളിങ്കുന്ന് ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

**ജൂലൈ 2020**

1 രാവിലെ, എട്ടുപറയിൽ ബഹു. ജോർജ്ജ് അച്ചന്റെ അനുസ്മരണാർത്ഥം തെക്കേക്കര സെന്റ് ജോൺസ് ഇടവക ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട തൃക്കൊടിത്താനം ഫൊറോനാ വൈദിക കോൺഫറൻസിലും, തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട തിരുവനന്തപുരം ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

2 അമ്പൂരി സെന്റ് ജോർജ്ജ് ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട അമ്പൂരി ഫൊറോനാ വൈദിക കോൺഫറൻസിലും, മീൻകുളം ലൂർദ് മാതാ ദൈവാലയത്തിൽവച്ചു ക്രമീകരിക്കപ്പെട്ട കൊല്ലംആയൂർ ഫൊറോനാ വൈദിക കോൺഫറൻസിലും പങ്കെടുത്തു.

3 രാവിലെ, ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ മാർ ജോസഫ് പവ്വത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്തു. ദുക്റാന തിരുനാളിനോട് അനുബന്ധിച്ചു നിരണം മാർ തോമ്മാ ശ്ലീഹാ തീർത്ഥാടനകേന്ദ്രത്തിൽ പരി. കുർബാന അർപ്പിച്ചു. ആലപ്പുഴ സഹൃദയ ആശുപത്രിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ചു ക്രമീകരിക്കപ്പെട്ട സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സഹോദരഭാര്യയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

4 രാവിലെ, ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ്, അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട വിവിധ സന്യാസിനീസമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

5 72-ാം ജന്മദിനം അതിരൂപതാകേന്ദ്രത്തിൽ ലളിതമായി ആഘോഷിച്ചു.

9 രാവിലെ, പാറേൽ സെന്റ് മാത്യു SH പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റർ ജോൺ ബർക്കുമാൻസ് SH-ന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 രാവിലെ, മാർ ചാൾസ് ലവീഞ്ഞ് പിതാവിന്റെ 107-ാമത് ചരമദിനത്തോടനുബന്ധിച്ചു ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതാ യുവദീപ്തി SMYM-ന്റെ എക്സിക്യൂട്ടീവ് ബോഡി അംഗങ്ങളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകുന്നേരം, കോവിഡ് - 19 നോടനുബന്ധിച്ചു പോലീസ് ഉദ്യോഗസ്ഥർക്കു സാനിറ്റൈസേഷൻ കിറ്റുകൾ കൊടുക്കുന്ന 'കരുതലിന് ഒരു കാവൽ' എന്ന SMYM പദ്ധതി ചങ്ങനാശ്ശേരി DYSP ഓഫീസിൽവച്ചു ഉദ്ഘാടനം ചെയ്തു.

12 രാവിലെ, പച്ച അഡോറേഷൻ കോൺവന്റിൽ പരി. കുർബാന അർപ്പിച്ചു. പഴയമഠം ബഹു. സിറിയക് അച്ചന്റെ സഹോദരഭാര്യയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ്, 'യൂത്ത് ഡേ' യോടനുബന്ധിച്ചു ചങ്ങനാശേരി അതിരൂപതാ യുവദീപ്തി SMYM - ന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട ഓൺലൈൻ

യുവജന സംഗമത്തിൽ സംസാരിച്ചു. കോവിഡ് - 19-ന്റെ പശ്ചാത്തലത്തിൽ വടവാതൂർ സെന്റ് തോമസ് ഇടവക പ്രതിനിധികളുമായി നടന്ന ഓൺലൈൻ കോൺഫറൻസിൽ അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

13 രാവിലെ, വില്ലൂന്നി ജോസഫൈൻ പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സമ്മേളനത്തിൽ പുതിയ മദർ സുപ്പീരിയറിനെയും കൗൺസിൽ അംഗങ്ങളെയും പ്രഖ്യാപിച്ചു. ഉച്ചകഴിഞ്ഞ്, ബ്രദർ അലൻ കാഞ്ഞിരത്തുമ്മൂട്ടിലിന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു കുറിച്ചി സെന്റ് ജോസഫ് ഇടവക ദെവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

14 രാവിലെ, ചെത്തിപ്പുഴ മേഴ്സി ഹോം സന്ദർശിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട ചങ്ങനാശേരി അതിരൂപതാ-കാഞ്ഞിരപ്പള്ളി രൂപതാ അതിർത്തിയെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ, മാമ്മൂട് ഇടവക ഡിറക്ടറി പ്രകാശനം ചെയ്തു.

15 രാവിലെ, മാമ്പുഴക്കരി ലൂർദ്ദ് മാതാ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

16 രാവിലെ, കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ചു ചങ്ങനാശ്ശേരി അഡോറസ് കോൺവന്റിൽ പരി. കുർബാന അർപ്പിച്ചു.

17 ഉച്ചകഴിഞ്ഞ് സി.എം.സി. സന്യാസിനീസമൂഹാംഗമായ ബഹു. സി. ജെയ്ൻ കൊട്ടാരത്തിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ചെത്തിപ്പുഴ കാർമ്മൽ വില്ലയിൽ കാർമ്മികത്വം വഹിച്ചു. കോവിഡിന്റെ പശ്ചാത്തലത്തിൽ തത്തംപള്ളി സെന്റ് മൈക്കിൾ ഇടവകപ്രതിനിധികളുമായി ക്രമീകരിക്കപ്പെട്ടിരുന്ന ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു അജപാലനപ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി.

18 വെരൂർ സെന്റ് ജോസഫ് ഇടവകാംഗമായ വലിയകുളം മറ്റപ്പറമ്പിൽ ത്രേസ്യാമ്മ ദേവസ്യായുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട അതിരൂപതാ ജാഗ്രതാസമിതി ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകപ്രതിനിധികളുമായി ക്രമീകരിക്കപ്പെട്ട ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

20 രാവിലെ ഏറ്റുമാനൂർ ക്രിസ്തുരാജ ഇടവകപ്രതിനിധികളുമായി ക്രമീകരിക്കപ്പെട്ട ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട കുറ്റിച്ചൽ LMCST കോളേജ് ബോർഡ് സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട SH സ്കൂൾ മാനേജിംഗ് ബോർഡ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം, കുറിച്ചി മൈനർ സെമിനാരിയിൽ ബഹു. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ജോസി പുതിയാപറമ്പിൽ, സക്കറിയാസ് കരിവേലിൽ എന്നീ വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

21 വൈകുന്നേരം, അതിരുപതാകേന്ദ്രത്തിൽനിന്നും സ്ഥലംമാറിപ്പോകുന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

22 രാവിലെ, കുറിച്ചി മൈനർ സെമിനാരിയിൽ പരി. കുർബാന അർപ്പിച്ചു വൈദികാർത്ഥികളോടു സംവദിച്ചു. വൈകുന്നേരം, ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ ക്രമീകരിക്കപ്പെട്ട ബഹു. അയ്യൻകരി ജോസഫ് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

23 വൈകുന്നേരം പടഹാരം സെന്റ് ജോസഫ് ഇടവകപ്രതിനിധികളുമായി ക്രമീകരിക്കപ്പെട്ട ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

24 രാവിലെ, കോവിഡ് പ്രതിരോധത്തോടനുബന്ധിച്ചു രൂപീകരിക്കപ്പെട്ട ദ്രുതകർമ്മസേനാ പ്രതിനിധികളുമായി അതിരൂപതാകേന്ദ്രത്തിൽ ചർച്ചയിൽ ഏർപ്പെട്ടു. 'യാമപ്രാർത്ഥനയുടെ പൊതുക്രമം : ഘടനയും കർമ്മവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കി കാക്കനാട് ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട ഓൺലൈൻ ചർച്ചയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, നാമഹേതുകത്തിരുനാളിനോടനുബന്ധിച്ചു ബിഷപ്പ് ജെയിംസ് ആനാപറമ്പിൽ പിതാവിനെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം, ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിക്കപ്പെട്ട ഗൾഫ് കോർഡിനേഷൻ കമ്മറ്റിയുമായി ഓൺലൈൻ ചർച്ചയിൽ പങ്കെടുത്തു.

## മാർ തോമസ് തറയിൽ

**ജൂൺ 2020**

27 യുവദീപ്തി സംഘടിപ്പിച്ച യൂത്ത് ട്രെയിനിംഗ് പ്രോഗ്രാമിൽ ഓൺലൈൻ ക്ലാസ്സെടുത്തു.

**ജൂലൈ 2020**

01 തിരുവനന്തപുരം ലൂർദ് മാതാ കെയറിന്റെ കുരിശടിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി. നെടുമങ്ങാട് മദർ തെരേസ ഓൾഡ് ഏജ് ഹോമിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം തിരുവനന്തപുരം ഫൊറോനയുടെ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

02 കുറ്റിച്ചൽ ലൂർദ് മാതാ എഞ്ചിനീയറിംഗ് കോളേജിൽ ദുക്റാന തിരുനാളാഘോഷത്തിൽ പങ്കെടുത്തു. അമ്പൂരി ഫൊറോനയുടെ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അമ്പൂരി TAASCന്റെ ഓഫീസ് മുറിയുടെ വെഞ്ചരിപ്പ് കർമ്മത്തിൽ പങ്കെടുത്തു. കൊല്ലം-ആയൂർ ഫൊറോനയുടെ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

03 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്ക് തത്തംപള്ളി സഹൃദയ ഹോസ്പിറ്റലിൽ ദുക്റാന തിരുനാളാഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം യൂദാപുരം ഇടവകാംഗമായ കുഞ്ഞമ്മ അഗസ്റ്റിൻ ആലഞ്ചേരിയുടെ മൃതസംസ്ക്കാരത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

04 ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. വാഴപ്പള്ളി എസ്എബിഎസ് സന്യാസസഭാംഗമായ സി. ഗ്രേസ് മരിയ ഒളശ്ശയിലിന്റെ മൃതസംസ്ക്കാരത്തിൽ പ്രാരംഭശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ശ്രീ. ജെ. ഫിലിപ്പിനുവേണ്ടിയുള്ള നന്ദിപ്രകാശന ബലിയർപ്പണത്തിൽ സഹകാർമ്മികനായി.

05 പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്ക് സിംഗപ്പൂർ സീറോമലബാർ സമൂഹം അവിടുത്തെ യുവജനങ്ങൾക്കായി ഒരുക്കിയ വെബ്ബിനാറിൽ ക്ലാസെടുത്തു.

06 കോവിഡ് ബാധിച്ച് വിദേശത്തു മരിച്ച വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകാംഗം കൊച്ചുപറമ്പ് (അമ്പത്തഞ്ചിൽ) ജെനുമോന്റെ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ചാസിന്റെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2019-20 ബാച്ചിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

07 ഉച്ചകഴിഞ്ഞ് 2018-19 ബാച്ചിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

08 പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. ഉച്ചകഴിഞ്ഞ് 2017-18 ബാച്ചിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

10 2015-16 ബാച്ചിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

12 മുണ്ടുപാലം സെന്റ് മേരീസ് ദൈവാലയത്തിൽ വിശുദ്ധ കുർബാനഅർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശേരി എസ്.എം.വൈ.എം ന്റെ നേതൃത്വത്തിൽ യുവജനദിനത്തോടനുബന്ധിച്ച് നടന്ന ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

13 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കുറിച്ചി സെന്റ് ജോസഫ്സ് ഇടവകാംഗം കാഞ്ഞിരത്തുംമൂട്ടിൽ വർഗ്ഗീസ് ചെറിയാന്റെ മൃതസംസ്ക്കാരത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

14 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട ചങ്ങനാശേരി എസ്.ബി കോളേജ്, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽമാരുടെയും വൈസ് പ്രിൻസിപ്പൽമാരുടെയും മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം നിരണം സെമിനാരിയിൽ ക്ലാസെടുത്തു.

15 ഉച്ചകഴിഞ്ഞ് ഫിൽഗിരി സി.എം.സി മഠം ചാപ്പൽ കൂദാശ ചെയ്തു.

17 ചെത്തിപ്പുഴ കാർമ്മൽ വില്ലയിൽ സിസ്റ്റർ ജെയിൻ കൊട്ടാരം സി.എം.സിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. കുര്യൻ പുത്തൻപുരയച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

19 കുറുമ്പനാടം അസംപ്ഷൻ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ബഹു. ഗ്രിഗറി നടുവിലേടം അച്ചന്റെ യാത്രയയപ്പ്

സമ്മേളനത്തിൽ പങ്കെടുത്തു. സിംഗപ്പൂർ സീറോമലബാർ സമൂഹം യുവജനങ്ങൾക്കായി ഒരുക്കിയ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് ശ്രീ. ബിജു കെ. ബേബി 'ബി.ബി. ടോക്സ്' എന്ന യൂട്യൂബ് ചാനലിനു വേണ്ടി നടത്തിയ ഓൺലൈൻ അഭിമുഖത്തിൽ പങ്കെടുത്തു.

20 അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട കുറ്റിച്ചൽ ലൂർദ് മാതാ എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റ് യോഗത്തിൽ പങ്കെടുത്തു. എസ്. എച്ച്. ഗ്രൂപ്പ് ഓഫ് സ്കൂൾസിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. പിന്നീട് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പെരിയ ബഹു. സെബാസ്റ്റ്യൻ വലിയപറമ്പിലച്ചന്റെയും ബഹു. ജോസഫ് പുതിയാപറമ്പിലച്ചന്റെയും ബഹു. സക്കറിയാസ് കരിവേലിലച്ചന്റെയും യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

21 വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ബഹു. ജോസഫ് കാക്കനാട്ടച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

22 മണിമല ഫൊറോനയിലെ വൈദികരെ സന്ദർശിച്ചു. വൈകുന്നേരം ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ ബഹു. ജോസഫ് അയ്യങ്കരിയച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

23 അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനു ക്ലാസെടുത്തു. വൈകുന്നേരം തത്തംപള്ളി ഭജനമഠവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ അതിരൂപതാകേന്ദ്രത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുത്തു.